2024 OCTOBER
23
WEDNESDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ആരോഗ്യ പദ്ധതികൾ
# കേരളത്തിന് കേന്ദ്രത്തിന്റെ 35 കോടി കൂടി

### ആവാസ് യോജനയിൽ 1.97 ലക്ഷം വീടുകളും 64 കോടിയും

**ന്യൂദൽഹി:** കേരളത്തിലെ ആരോഗ്യപദ്ധതികൾക്ക് കേന്ദ്രം 35 കോടി രൂപ കൂടി അനുവദിച്ചു. ദേശീയ ആരോഗ്യമിഷൻ, കുട്ടികളുടെയും അമ്മമാരുടെയും സുരക്ഷയ്ക്കുള്ള ആർസിഎച്ച് പദ്ധതി, ദേശീയ ആരോഗ്യ പദ്ധതികൾ, അർബൻ ഹെൽത്ത് മിഷൻ എന്നിവയുടെ നടത്തിപ്പിനാണിത്.

ഈ സാമ്പത്തിക വർഷം ആരോഗ്യവകുപ്പിനു കേന്ദ്രം 69.35 കോടിയാണ് നല്കുക. അതിലെ 35 കോടിയാണ് അനുവദിച്ചത്. കാഞ്ഞിരപ്പള്ളി, കോഴിക്കോട്, കൊല്ലം, കാസർകോട് ടാറ്റ ആശുപത്രി, മലപ്പുറം, പള്ളുരുത്തി ആശുപത്രികളുടെ നവീകരണം, പത്തനംതിട്ട, ഇടമലക്കുടി, ഇടുക്കി ആശുപത്രികളുടെ വികസനം, പെരിന്തൽമണ്ണ ആശുപത്രിയിൽ കുട്ടികളുടെ വാർഡ്, കണ്ണൂർ പഴയങ്ങാടി ആശുപത്രിയിൽ കാഷ്വാലിറ്റി ബ്ലോക്ക്, കാഞ്ഞങ്ങാട് ആശുപത്രിയിൽ ഓപ്പറേഷൻ തിയേറ്റർ നവീകരണം എന്നിവയ്ക്ക് 69 കോടി കേന്ദ്രം നല്കും.

പുതിയ കെട്ടിടങ്ങളുടെ നിർമാണത്തിനും നവീകരണത്തിനുമായി അടുത്തിടെ കേന്ദ്രം എൻഎച്ച്എം വഴി കേരളത്തിന് പണം അനുവദിച്ചിരുന്നു. കാരുണ്യപദ്ധതിയുടെ നടത്തിപ്പിനു വേണ്ടതുൾപ്പെടെയുള്ള വിഹിതം കേന്ദ്രം കൃത്യമായി നല്കുന്നുമുണ്ട്.



പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം നടപ്പു സാമ്പത്തിക വർഷം സംസ്ഥാനത്ത് 1.97 ലക്ഷം വീടുകൾ പണിയാൻ കേന്ദ്രം അനുമതി നല്കിയിരുന്നു. 60,000 വീടുകൾ പട്ടിക വിഭാഗക്കാർക്കാണ്. ഇതിന്റെ ആദ്യഗഡുവായി 64 കോടിയും അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പിഎംഎവൈ വീടുകൾ പണിയുന്നത് ലൈഫ് മിഷനിലൂടെയാണ്. കഴിഞ്ഞ ബജറ്റിൽ പിഎംഎവൈക്ക് കൂടുതൽ തുക കേന്ദ്രം മാറ്റിവച്ചിരുന്നു. ഇതിനു പിന്നാലെയാണ് സംസ്ഥാനം ആവശ്യപ്പെടാതെ തന്നെ ഇത്രയധികം വീടുകൾക്ക് അനുമതിയേകിയത്. സംസ്ഥാനത്തെ 2,14,124 പേരെയാണ് കേന്ദ്രം ആവാസ് യോജന പട്ടികയിൽപ്പെടുത്തിയത്. ഇതിൽ 13,114 പേർക്ക് 202122 സാമ്പത്തിക വർഷം വീട് അനുവദിച്ചു.

## ഭാരതത്തിന്റെ നാലാമത്തെ ആണവ അന്തർവാഹിനി പരീക്ഷിച്ചു

**ന്യൂഡൽഹി:** ചൈനയുമായുള്ള സംഘർഷത്തിൽ അയവ് വന്നെങ്കിലും, ക്യാനഡയുമായുള്ള പുതിയ തർക്കങ്ങളുടെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ ആണവ അന്തർവാഹിനി പരീക്ഷണം. ആണവോർജത്തിൽ തന്നെ പ്രവർത്തിക്കുന്ന അന്തർവാഹിനിയിൽ നിന്ന് ഭൂഖണ്ഡാന്ത ആണവ മിസൈലുകൾ പ്രയോഗിക്കാൻ സാധിക്കും. ഇത്തരത്തിലുള്ള നാലാമത്തെ അന്തർവാഹിനിയാണ് ഇന്ത്യ ഇപ്പോൾ പരീക്ഷിച്ചിരിക്കുന്നത്.



കഴിഞ്ഞ ഓഗസ്റ്റ് 29നാണ് ഇന്ത്യയുടെ രണ്ടാമത്തെ ആണവ അന്തർവാഹിനിയായ ഐഎൻഎസ് അരിഘാട് കമ്മിഷൻ ചെയ്തത്. മൂന്നാമത്തെ ആണവ അന്തർവാഹിനി ഐഎൻഎസ് അരിധമൻ അടുത്ത വർഷം കമ്മിഷൻ ചെയ്യും. രണ്ട് ആണവ അന്തർവാഹിനികൾ കൂടി നിർമിക്കാനുള്ള ഇന്ത്യൻ നാവികസേനയുടെ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭാ സമിതി അനുമതി നൽകിയിട്ടുമുണ്ട്.

ഇതിനിടെയാണ് നാലാമത്തെ ആണവ അന്തർവാഹിനി വലിയ പ്രചാരണങ്ങളൊന്നുമില്ലാതെ വിശാഖപട്ടണത്ത് പരീക്ഷിച്ചത്. ഒക്റ്റോബർ 16ന് നടത്തിയ പരീക്ഷണത്തിൻറെ കൂടുതൽ വിശദാംശങ്ങളൊന്നും ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല.

പുതിയ അന്തർവാഹിനിയുടെ 75 ശതമാനം ഭാഗങ്ങളും ഇന്ത്യയിൽ തന്നെ നിർമിച്ചതാണെന്നാണ് സൂചന. 3500 കിലോമീറ്റർ താണ്ടാൻ ശേഷിയുള്ള ആണവ മിസൈലുകൾ വഹിക്കാൻ സാധിക്കും. ഇന്ത്യയുടെ ആദ്യ ആണവ അന്തർവാഹിനിയായ ഐഎൻഎസ് അരിഹന്തിന് 750 കിലോമീറ്റർ ദൂരത്തേക്ക് മിസൈൽ പായിക്കാനുള്ള ശേഷി മാത്രമാണുള്ളത്.

അരിഹന്തും അരിഘാട്ടും ഇപ്പോൾ തന്നെ സമുദ്ര നിരീക്ഷണത്തിന് ഉപയോഗിച്ചുവരുന്നു. 2028 ഓടെ റഷ്യയിൽ നിന്നു വാങ്ങുന്ന ആണവ അന്തർവാഹിനിയും ഇന്ത്യൻ നാവികസേനയുടെ ഭാഗമാകും.

## പാലക്കാട് കാറും ലോറിയും കൂട്ടിയിടിച്ച് 5 മരണം



**പാലക്കാട്:** കല്ലടിക്കോട് കാറും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ അഞ്ച് പേർ മരിച്ചു. കോങ്ങാട് സ്വദേശികളായ വിജേഷ് (35), വിഷ്ണു (30), മണിക്കശേരി സ്വദേശി മുഹമ്മദ് അഫ്സൽ (17), വേണ്ടപ്പാറ സ്വദേശി രമേശ് (31) എന്നിവരാണ് മരിച്ചത്. പാലക്കാട് , കോഴിക്കോട് ദേശീയപാതയിൽ കല്ലടിക്കോട് അയ്യപ്പൻകാവ് ക്ഷേത്രത്തിന് സമീപത്ത് വച്ചായിരുന്നു അപകടം.

പാലക്കാട് ഭാഗത്ത് നിന്ന് വരികയായിരുന്ന ലോറിയിലേക്ക് കാർ ഇടിച്ചുകയറുകയായിരുന്നു. ഏറെ പ്രയാസപ്പെട്ടാണ് യുവാക്കളെ കാറിൽ നിന്ന് പുറത്തെടുത്തത്. നാല് പേർ സംഭവസ്ഥലത്ത് തന്നെ മരിച്ചിരുന്നു. ഒരാളെ ആശുപത്രിയിലെത്തിച്ച് ഐസിയുവിൽ പ്രവേശിപ്പിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. യുവാക്കളുടെ പോസ്റ്റുമോർട്ടം പാലക്കാട് ജില്ലാ ആശുപത്രിയിൽ ഇന്ന് നടക്കും.

കാറിൽ നിന്ന് ലഭിച്ച ഡ്രൈവിംഗ് ലൈസൻസ് കോങ്ങാട് സ്വദേശിയായ ജിതേഷ് കെ കെയുടേതാണ്. കനത്ത മഴയിൽ കാർ നിയന്ത്രണം തെറ്റി ലോറിയിലേക്ക് ഇടിച്ചുകയറിയെന്നാണ് പൊലീസ് പറയുന്നത്. അപകടം സംഭവിച്ചയുടൻ നാട്ടുകാർ രക്ഷാപ്രവർത്തനത്തിന് എത്തി. ഇടിയുടെ ആഘാതത്തിൽ തകർന്ന കാർ പൊളിച്ചാണ് ആളുകളെ പുറത്തെടുത്തത്. കാർ അമിത വേഗത്തിലായിരുന്നുവെന്നാണ് ദൃക്സാക്ഷികൾ പറയുന്നത്. കെ എൽ 55 എച്ച് 3465 എന്ന മാരുതി സ്വിഫ്റ്റ് കാറാണ് അപകടത്തിൽപ്പെട്ടത്.






## വികെജി അഡ്വർടൈസിങ്ങ് കൊച്ചിയിൽ പുതിയ ഓഫിസ് തുറന്നു

**കൊച്ചി:** വികെജി അഡ്വർടൈസിങ്ങ് കൊച്ചിയിൽ പുതിയ ഓഫിസ് തുറന്നു. ചലച്ചിത്ര സംവിധായകൻ തനുബാലക് ഓഫിസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഒളിംപ്യൻ മനോജ് ലാൽ, ചലച്ചിത്ര സംവിധായകൻ വേണു.ബി നായർ, വി.കെ.ജി അഡ്വർടൈസിങ് ഫൗണ്ടർ രഘുനന്ദൻ, വി.കെ.ജി ഡയറക്ടർമാരായ ബിജിത്ത്, ബിനോജ് തുടങ്ങിയവർ സംസാരിച്ചു.

## ഒ.ബി.സി.വിദ്യാർത്ഥികൾക്ക് സൗജന്യ പഠനം

**കൊച്ചി:** കേരള സംസ്ഥാന പിന്നാക്ക സമുദായ വികസന വകുപ്പ് (ബി.സി.ഡി.ഡി) നടപ്പിലാക്കുന്ന സൗജന്യ അഡ്വാൻസ്ഡ് ആട്ടോമൊബൈൽ എഞ്ചിനീയറിങ് കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഓട്ടോമൊബൈൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, എം.എം.വി, ഫിറ്റർ, ഡീസൽ മെക്കാനിക്ക് എന്നീ കോഴ്സുകളിലേയ്ക്ക് ഐ.ടി.ഐ., ഡിപ്ലോമ, ബിടെക് പാസായവർക്ക് അപേക്ഷിക്കാം. പിന്നാക്ക സമുദായ വികസന വകുപ്പിന്റെ എറണാകുളം, കോഴിക്കോട്, പാലക്കാട്, കൊല്ലം മേഖലാ ഓഫീസുകളിൽ ഇന്റർവ്യൂ നടത്തിയാണ് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുക. പരിശീലനകാലത്ത് 40,000/ രൂപ സ്റ്റൈപ്പന്റ് ലഭിക്കും,. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര നൈപുണ്യ മന്ത്രാലയത്തിന്റെ (എൻ.എസ്.ഡി.സി) സർട്ടിഫിക്കറ്റും തുടർന്ന് ജോലിയും ഉറപ്പാക്കുന്നതാണ് പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് 93875 80023, 98460 19500, 96337 77330.

## ഫോട്ടോ ജേണലിസം കോഴ്സ് പരീക്ഷാഫലം

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ പതിനൊന്നാം ബാച്ച് ഫോട്ടോ ജേണലിസം ഡിപ്ലോമ കോഴ്സിന്റെ പരീക്ഷാഫലം പ്രഖ്യാപിച്ചു. അക്കാദമി കൊച്ചി സെന്ററിലെ അപർണ കെ ബാലൻ ഒന്നാം റാങ്കിനും സുനിൽ സി.കെ. രണ്ടാം റാങ്കിനും കൊച്ചി സെന്ററിലെ ഗോപിക ശ്രീനിവാസൻ, തിരുവനന്തപുരം സെന്ററിലെ അശ്വതി ആർ.വി എന്നിവർ മൂന്നാം റാങ്കിനും അർഹരായി. പരീക്ഷാഫലം അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org ൽ ലഭിക്കും.

## ജേണലിസം സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** സർക്കാർ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് ജേണലിസത്തിലേക്ക് ഫീസ് ഇളവോടുകൂടി സ്പോട്ട് അഡ്മിഷൻ കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിൽ ഒക്ടോബർ 21 മുതൽ 25 വരെ നടക്കും. ബിരുദമാണ് യോഗ്യത. പ്രായപരിധി ഇല്ല. നിർദ്ദേശിക്കുന്ന അസ്സൽരേഖകളും പകർപ്പുകളുമായി വിദ്യാർഥികൾ രാവിലെ 10 ന് കോഴിക്കോട് കെൽട്രോൺ നോളജ് സെന്ററിൽ എത്തണം. പ്രിന്റ് മീഡിയ, ടെലിവിഷൻ, ഡിജിറ്റൽമീഡിയ, ആർട്ടിഫിഷ്യൽ ഇന്റലിജിൻസ് എന്നിവയിൽ അധിഷ്ഠിതമായ ജേണലിസം , വാർത്താഅവതരണം, ആങ്കറിങ്, വീഡിയോഗ്രാഫീ, വീഡിയോ എഡിറ്റിംഗ് തുടങ്ങിയവയിൽ പരിശീലനം ലഭിക്കും. ഇന്റേൺഷിപ്പ്, മാധ്യമ സ്ഥാപനങ്ങളിൽ പരിശീലനം, പ്ലേസ്മെന്റ് എന്നിവ നിബന്ധനകൾക്കു വിധേയമായി ലഭിക്കും. ഫോൺ: 9544958182.

## സ്കിൽഡ് ടെക്നീഷ്യൻ അഭിമുഖം

**കൊച്ചി:** ജില്ലാ എംപ്ലോയെന്റ് എക്സ്ചേഞ്ചിന്റെയും ഒഡെപെകിന്റെയും സംയുക്താഭിമുഖ്യത്തിൽ യുഎഇയിലേക്ക് സ്കിൽഡ് ടെക്നീഷ്യൻ ട്രെയിനീസിന്റെ ഒഴിവിലേക്ക് അഭിമുഖം നടത്തും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റ, സർട്ടിഫിക്കറ്റുകൾ, പാസ്സ്പോർട്ട്, കളർ ഫോട്ടോഗ്രാഫ് എന്നിവ സഹിതം ലാുലസാ.2@ഴാമശഹ.രീാ എന്ന വിലാസത്തിലേക്കു 25ന് മുൻപ് ഇമെയിൽ അയക്കേണ്ടതാണ്. ശേഷം 25ന് രാവിലെ 10 ന് അങ്കമാലി ടെൽകിന് സമീപമുള്ള ഒഡേപെകിന്റെ ട്രെയിനിംഗ് സെന്ററിൽ അനുബന്ധ രേഖകളുമായി ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.odepc.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# അദ്ധ്യാപന വഴിയിലെ വിസ്മയക്കാഴ്ച

## ഒക്ടോബർ 27ന് എം.കെ. സാനുമാസ്റ്ററുടെ ജന്മദിനം

കേരളത്തിൻറെ മനസാക്ഷിയായി മാറിയ അപൂർവ്വ പ്രതിഭയാണ് പ്രൊഫ. എം.കെ. സാനു. ചുറ്റിലും പടരുന്ന അനീതികളോടും വിവേചനങ്ങളോടും സന്ധിയില്ലാ സമരം പ്രഖ്യാപിച്ച ആ ബൗദ്ധിക പ്രതിഭാസം മലയാളികളുടെ അഭിമാന പ്രതീകമായി. സ്വന്തം ജീവിതം കൊണ്ട് ധാർമ്മികതയുടെ പ്രതിപുരുഷനും അവധൂതനും ആകാൻ അദ്ദേഹത്തിനു കഴിഞ്ഞു.

അദ്ധ്യാപന വഴിയിൽ വിസ്മയക്കാഴ്ചയായ സാനുമാസ്റ്റർ മലയാളത്തിൻറെ മഹാഗുരുനാഥനായി രൂപാന്തരം പ്രാപിച്ചു. വിമർശന സാഹിത്യത്തിലേയ്ക്ക് കാറ്റും വെളിച്ചവും കടത്തിക്കൊണ്ടു വന്ന് അതിനെ മഹത്തായ ജനാധിപത്യ പ്രക്രിയയാക്കിമാറ്റി. സങ്കീർത്തനം പോലെ ഒഴുകുന്ന പ്രഭാഷണങ്ങളാൽ പ്രസംഗ വേദികളെ പ്രകാശ പ്രസരണികളാക്കി.

സഹോദരൻ അയ്യപ്പൻറെ സാർത്ഥകമായ ജീവിതത്തെ അക്ഷരങ്ങളിൽ ഒപ്പിയെടുക്കുക മാത്രമല്ല, സഹോദര സന്ദേശത്തിൻറെ നിത്യസ്രോതസ്സായി വർത്തിക്കുകയും ചെയ്തു. എക്കാലത്തും ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ മാർഗ്ഗദീപമായി വിരാജിച്ചു. ജീവിത സായാഹ്നത്തിലും ശ്രീനാരായണ ധർമ്മ പരിപാലനത്തിനായുള്ള ധീരോദാത്തമായ പോരാട്ടം സാനുമാസ്റ്റർ തുടർന്നുകൊണ്ടേയിരിക്കുന്നു.



പാവന ചരിതനായ എം.കെ. സാനുമാസ്റ്ററുടെ 98)ീ ജന്മദിനം ഒക്ടോബർ 27ന് ശ്രീനാരായണ സേവാസംഘത്തിൻറെ ആഭിമുഖ്യത്തിൽ എറണാകുളം സഹോദര സൗധത്തിൽ വച്ച് ആഘോഷിക്കും. രാവിലെ 9.30ന് ജന്മദിനാഘോഷ പരിപാടികൾ ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്യും. ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അനുഗ്രഹപ്രഭാഷണവും കെ.പി.സി.സി. സംഘടനാ സെക്രട്ടറി അഡ്വ. എം.ലിജു മുഖ്യപ്രഭാഷണവും നടത്തും. ഗോകുലം ഗോപാലൻ സാനുമാസ്റ്ററെ പൊന്നാടയണിയിക്കും. എ.വി.എ. ഗ്രൂപ്പ് ഓഫ് കമ്പനീസ് മാനേജിംഗ് ഡയറക്ടർ എ.വി. അനൂപ് ഉപഹാരം സമർപ്പിക്കും. സമ്മേളനത്തിൽ ശ്രീനാരായണ സേവാസംഘം പ്രസിഡന്റ് അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ അധ്യക്ഷത വഹിക്കും. ജില്ലാ സെക്രട്ടറി അഡ്വ. സി.എൻ. മോഹനൻ, കിളിമാന്നൂർ ചന്ദ്രബാബു, ബിജു രമേശ്, ഡി. രാജ്കുമാർ ഉണ്ണി, കെ.എൻ. ബാൽ ഐ.പി.എസ് (റിട്ട), അഡ്വ. എസ്. ചന്ദ്രസേനൻ, സൗത്ത് ഇന്ത്യൻ വിനോദ്, പി.പി. രാജൻ, അഡ്വ. ആർ. അജന്തകുമാർ എന്നിവർ പ്രസംഗിക്കും. എം.കെ. സാനു മാഷ് മറുപടി പറയും.

പത്ര സമ്മേളനത്തിൽ ശ്രീനാരായണ സേവാസംഘം പ്രസിഡന്റ് അഡ്വ. എൻ.ഡി. പ്രേമചന്ദ്രൻ, സെക്രട്ടറി പി.പി. രാജൻ, ശ്രീനാരായണ സുഹൃദ് സദസ്സ് വർക്കിംഗ് ചെയർമാൻ അഡ്വ. ആർ. അജന്തകുമാർ, എറണാകുളം ജില്ലാ കൺവീനർ, അഡ്വ. പി.എം. മധു, ടി.എസ്. അംജിത്ത് എന്നിവർ പങ്കെടുത്തു.

## തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മൂന്നാമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വിജയം

**തിരുവനന്തപുരം:** സർക്കാർ മെഡിക്കൽ കോളേജിൽ തുടർച്ചയായ മൂന്നാമത്തെ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വിജകരമായി. കരൾ രോഗം മൂലം കാൻസർ ബാധിച്ച പത്തനംതിട്ട റാന്നി സ്വദേശി 52 വയസുള്ള മധുവിനാണ് കരൾ മാറ്റിവച്ചത്. അദ്ദേഹത്തിന്റെ 23 വയസുള്ള മകൻ, മിഥുനാണ് കരൾ പകുത്ത് നൽകിയത്. സൂക്ഷ്മമായ പരിശോധനകൾക്കും പരിപാലനത്തിനും ശേഷം രോഗിയെ ഡിസ്ചാർജ് ചെയ്തു. ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ആരോഗ്യ വിവരങ്ങൾ അന്വേഷിക്കുകയും ട്രാൻസ്പ്ലാന്റ് ടീമിനെ അഭിനന്ദിക്കുകയും ചെയ്തു.

കഴിഞ്ഞ മാസം 25നാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്. രാവിലെ 7 മണിക്ക് ആരംഭിച്ച ശസ്ത്രക്രിയ രാത്രി 10 മണിയോട് കൂടിയാണ് പൂർത്തിയാക്കിയത്. സർജിക്കൽ ഗ്യാസ്ട്രോ, അനസ്തേഷ്യ ആന്റ് ക്രിട്ടിക്കൽ കെയർ, മെഡിക്കൽ ഗ്യാസ്ട്രോ, റേഡിയോളജി, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, കാർഡിയോളജി, മൈക്രോബയോളജി, നഴ്സിംഗ് വിഭാഗം, തുടങ്ങിയ വിഭാഗങ്ങളുടെ നേതൃത്വത്തിൽ നൂറോളം പേരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമാക്കിയത്.



മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, പ്രിൻസിപ്പൽ, ആശുപത്രി സൂപ്രണ്ട്, ഡെപ്യൂട്ടി സൂപ്രണ്ട്, നോഡൽ ഓഫീസർ എന്നിവർ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

ഏറെ പണച്ചെലവുള്ള അവയവമാറ്റ ശസ്ത്രക്രിയകൾ സാധാരണക്കാർക്ക് കൂടുതൽ സർക്കാർ ആശുപത്രികളിലൂടെ ലഭ്യമാക്കാനാണ് സർക്കാർ പരിശ്രമിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ സാധ്യമാവില്ല എന്ന ഒരു പൊതുബോധത്തെ മാറ്റിമറിച്ച രണ്ടുവർഷങ്ങളാണ് കടന്നുപോകുന്നത്. ഈ സർക്കാരിന്റെ കാലത്ത് കോട്ടയം മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ യാഥാർത്ഥ്യമാക്കി.



## ചെറുതോണിയിൽ നിന്ന് കെ എസ് ആർ ടി സി അന്തർജില്ലാ സർവീസ് ആരംഭിക്കും : മന്ത്രി റോഷി അഗസ്റ്റിൻ

**ചെറുതോണി:** 2025 ന്റെ തുടക്കത്തിൽതന്നെ ചെറുതോണി ബസ് സ്റ്റാൻഡിൽ നിന്ന് അന്തർജില്ലാ സർവീസുകൾ ആരംഭിക്കുമെന്ന് ജലവിഭവവകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. സർക്കാരിൻറെ നാലാം നൂറ്ദിന പരിപാടിയുടെ ഭാഗമായി ജലവിഭവവകുപ്പിന്റെ നേതൃത്വത്തിൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ച മഴവെള്ള സംഭരണികളുടെ ഉദ്ഘാടനം തടിയംപാട്ട് നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് അധികമായി ആവശ്യമുള്ള 20 ലക്ഷം രൂപ എം എൽ എ ഫണ്ടിൽ നിന്ന് നൽകും. മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള അധിക സൗകര്യങ്ങൾ ലഭ്യമാക്കാൻ ജില്ലാ പഞ്ചായത്തും വാഴത്തോപ്പ് ഗ്രാമപഞ്ചായത്തും തനത് ഫണ്ടിൽ നിന്ന് പണം ലഭ്യമാക്കുകയും ടെണ്ടർ നടപടികളിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. അതിന് പുറമെയുള്ള ആവശ്യങ്ങൾക്കാണ് എം എൽ എ ഫണ്ടിൽ നിന്ന് പണം അനുവദിക്കുന്നത്.

കെ എസ് ആർ ടി സി യൂണിറ്റ് ചെറുതോണിയിൽ പ്രവർത്തനം ആരംഭിക്കുന്നതോടെ പ്രദേശത്തെ ഗ്രാമീണ മേഖലകളിലേക്ക് ഷട്ടിൽ സർവീസുകൾ ആരംഭിക്കാനും അതുവഴി ഗ്രാമീണജനതയുടെ ഗതാഗതപ്രശ്നങ്ങൾക്ക് അറുതിവരുത്താനും കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.ജില്ലയിൽ എല്ലായിടത്തും കുടിവെള്ളം എത്തിക്കാനുള്ള പദ്ധതികൾ ദ്രുതഗതിൽ നടത്തി വരികയാണ്. ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം അന്പത്തിനാല് ശതമാനം ഗ്രാമീണഭവനങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞു. ആകെ എഴുപത്ലക്ഷത്തി എൺപത്തിയ്യായിരം ഗ്രാമീണഭവനങ്ങളാണ് കേരളത്തിലുള്ളത് .കൃഷിയിടങ്ങളെയും തൊഴിലിടങ്ങളെയും സംരക്ഷിച്ചുകൊണ്ടുള്ള ഭൂപരിഷ്കരണ നിയമമാകും സംസ്ഥാനത്ത് രൂപീകരിക്കുകയെന്നും മന്ത്രി പറഞ്ഞു.ജലനിധി പദ്ധതി പ്രകാരം 39.5 ലക്ഷം രൂപ ചെലവഴിച്ചാണ് വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ അൻപത് മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുള്ളത്.

പരിപാടിയിൽ വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ്ജ് പോൾ അധ്യക്ഷത വഹിച്ചു. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആൻസി തോമസ് , ജില്ലാ ആസൂത്രണ സമിതി ഉപാധ്യക്ഷൻ സി.വി. വർഗീസ് ,ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിബിച്ചൻ ജോസഫ് , ജലനിധി ഗവേർണിംഗ് കൗൺസിൽ അംഗങ്ങളായ ജോസ് കുഴികണ്ടം, ഷിജോ തടത്തിൽ , പഞ്ചായത്തംഗം സെലിൻ വിൽസൺ തുടങ്ങിയവർ പങ്കെടുത്തു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് മിനി ജേക്കബ് സ്വാഗതം ആശംസിച്ച പരിപാടിയിൽ ജലനിധി റീജിയണൽ പ്രൊജക്ട് ഡയറക്ടർ ബിജുമോൻ കെ. കെ. പദ്ധതി വിശദീകരണം നടത്തി.

## നാല് വർഷ ബിരുദം കേരളത്തിന്റെ അക്കാദമിക രംഗത്തെ പരിവർത്തനഘട്ടം: മന്ത്രി

**കൊച്ചി:** മന്ത്രിയും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല പ്രോചാൻസലറുമായ ബിന്ദു വിളിച്ചു ചേർത്ത നാലുവർഷബിരുദ പ്രോഗ്രാമിന്റെ അവലോകനയോഗത്തിൽ സംസ്ഥാന സർവകലാശാലകളിലെ വൈസ് ചാൻസലർമാർ, രജിസ്ട്രാർമാർ, കോഴ്സ് കോർഡിനേറ്റർമാർ തുടങ്ങിയ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. സർവകലാശാല സെനറ്റ് ഹാളിൽ വിളിച്ചു സിഗ്ഹെർത്ത യോഗത്തിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ രാജൻ വർഗീസിനൊപ്പം കുസാറ്റ് വൈസ് ചാൻസലർ ഡോ എം ജുനൈദ് ബുഷിരി വേദി പങ്കിട്ടു. കാലിക്കറ്റ് സർവകലാശാല, മഹാത്മാഗാന്ധിസർവകലാശാല, ശ്രീശങ്കര സംസ്കൃത സർവകലാശാല, കണ്ണൂർ സർവകലാശാല, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവകലാശാല വൈസ് ചാൻസലർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

'നാലുവർഷബിരുദം സംസ്ഥാനത്തിന്റെ അക്കാദമികരംഗത്തെ പരിവർത്തനഘട്ടമാണ്. ഈ സാഹചര്യത്തിൽ ആശങ്കകളും ആശയക്കുഴപ്പങ്ങളും സ്വാഭാവികമാണ്, എന്നാൽ അക്കാദമിക് കലണ്ടർ കൃത്യമായി പാലിച്ചുകൊണ്ട് ക്ലാസുകളും പരീക്ഷകളും നടത്താനുള്ള ശരിയായ ആസൂത്രണത്തിലൂടെ ഇതെല്ലാം നമുക്ക് മറികടക്കാനാകും, യോഗത്തെ അഭിസംബോധന ചെയ്ത് ബിന്ദു പറഞ്ഞു.

# ഭക്ഷ്യവസ്തുക്കൾ പൊതിയാൻ ഫുഡ് ഗ്രേഡ് പാക്കിങ് മെറ്റീരിയൽ മാത്രം

## മാർഗനിർദേശങ്ങളുമായി ഭക്ഷ്യസുരക്ഷാ വകുപ്പ്

**തിരുവനന്തപുരം:** തട്ടുകടകളുൾപ്പെടെയുള്ള ചെറുകിട വ്യാപാരസ്ഥാപനങ്ങളിൽ ഭക്ഷ്യവസ്തുക്കൾ പൊതിയാൻ ഫുഡ്ഗ്രേഡ് പാക്കിങ് മെറ്റീരിയലുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളുവെന്ന് നിർദേശിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ്. ഭക്ഷണം പൊതിയാനും, പായ്ക്ക് ചെയ്യാനും, ശേഖരിച്ച് വയ്ക്കാനും ചെറുകിട വ്യാപാരസ്ഥാപനങ്ങളിൽ പത്രക്കടലാസുകൾ ഉപയോഗിക്കുന്നത് ലെഡ് പോലുള്ള രാസവസ്തുക്കൾ, ചായങ്ങൾ എന്നിവ നേരിട്ട് ഭക്ഷണത്തിൽ കലരാൻ ഇടയാകുന്ന സാഹചര്യത്തിലാണ് മാർഗനിർദേശം പുറത്തിറക്കിയത്.

സമൂസ, പക്കോഡ പോലുള്ള എണ്ണപലഹാരങ്ങളിലെ എണ്ണയൊപ്പാൻ പത്രക്കടലാസുകൾ ഉപയോഗിക്കുന്നതിന് എഫ്.എസ്.എസ്.എ.ഐ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഫലപ്രദമായ പാക്കേജിങ്ങിൽ ഭക്ഷണങ്ങളുടെ ഘടനമാറ്റം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തുമെന്നതിനാൽ ഭക്ഷണം പായ്ക്ക് ചെയ്യാനും സംഭരിക്കാനും സുരക്ഷിത മാർഗമെന്ന നിലയിൽ ഫുഡ് ഗ്രേഡ് കണ്ടെയ്നറുകൾ ഉപയോഗിക്കണമെന്നും ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ അറിയിച്ചു.

ഭക്ഷ്യസംരംഭകരുൾപ്പെടെ പാക്കേജ് മെറ്റീരിയലുകൾ സംബന്ധിച്ച് മാർഗ നിർദേശങ്ങൾ കൃത്യമായി പാലിച്ച് ഭക്ഷ്യ സുരക്ഷ പ്രക്രിയയിൽ പങ്കാളികളാകണമെന്നും അറിയിപ്പിൽ പറയുന്നു.




# തൊഴിലാളികളുടെ ശക്തിയാണ് രാജ്യത്തിന്റെ പുരോഗതി; മന്ത്രി ശിവൻകുട്ടി

**മൂന്നാർ:** തൊഴിലാളികളുടെ ശക്തിയാണ് രാജ്യത്തിന്റെ പുരോഗതിയെന്ന കാര്യം എല്ലാവരും തിരിച്ചറിയണമെന്ന് പൊതുവിദ്യാഭ്യാസ തൊഴിൽവകുപ്പ് മന്ത്രി വി ശിവൻകുട്ടി. മൂന്നാറിൽ പുതുതായി നിർമ്മിച്ച ലേബർ കോംപ്ലക്സ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.മൂന്നാർ മേഖലയിലെ ലയങ്ങളുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ നടത്തും. തൊഴിൽ മേഖലയിലെ സാങ്കേതിക വ്യാപനത്തിനനുസരിച്ച് തൊഴിലാളികളുടെ ക്രയശേഷി വർദ്ധിപ്പിക്കാനുള്ള പരിശീലനങ്ങൾ നൽകാൻ തൊഴിലാളി സംഘടനകളും ക്ഷേമനിധി ബോർഡും ശ്രദ്ധ ചെലുത്തണം. പതിനാറ് തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് കേരളത്തിലുണ്ട് എന്നത് രാജ്യത്തിന് തന്നെ അഭിമാനമാണ്. പുതിയ ലേബർ കെട്ടിട സമുച്ചയത്തിൽ തൊഴിലാളികൾക്ക് സന്തോഷപൂർവ്വം കയറിവരാനുള്ള സാഹചര്യം സൃഷ്ടിക്കാൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നും മന്ത്രി പറഞ്ഞു.

മൂന്നാർ പ്രദേശത്ത് പ്രവർത്തിക്കുന്ന തൊഴിൽവകുപ്പിന്റെ ഓഫീസുകളായ ഡെപ്യൂട്ടി ലേബർ ഓഫീസ്,പ്ലാന്റേഷൻ ഓഫീസ്,അസിസ്റ്റന്റ് ലേബർ ഓഫീസ് എന്നിവ ഒന്നിച്ച് ഒരു കോംപ്ലക്സിനുള്ളിൽ,സ്വന്തം കെട്ടിടത്തിൽ പ്രവർത്തിപ്പിക്കുകയെന്ന ഉദ്ദേശത്തോടെയാണ് മൂന്നാർ ലേബർ കോംപ്ലക്സ് നിർമ്മിച്ചിട്ടുള്ളത്.രണ്ട് കോടി 37 ലക്ഷം രൂപയാണ് ആകെ ചെലവ്. ചുറ്റുമതിലും അനുബന്ധകാര്യങ്ങളും നിർമ്മിക്കേണ്ടതുണ്ട്. കെട്ടിട ചുറ്റുമതിൽ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിന്റെ സിവിൽ വിഭാഗം സമർപ്പിച്ച 85 ലക്ഷം രുപയുടെ എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

പരിപാടിയിൽ അഡ്വ. എ രാജ എം എൽ എ അധ്യക്ഷത വഹിച്ചു.ലേബർ കമ്മീഷണർ സഫ്ന നമ്പറുദ്ദീൻ, ജില്ലാ പഞ്ചായത്തംഗം അഡ്വ. ഭവ്യ കണ്ണൻ, ബ്ലോക്ക് പഞ്ചായത്തംഗം ജാക്വലിൻ മേരി, ഗ്രാമ പഞ്ചായത്തംഗം മാർഷ് പീറ്റർ, അഡീഷണൽ ലേബർ കമ്മീഷണർ കെ എം സുനിൽ തുടങ്ങിയവർ പങ്കെടുത്തു.

## ഐടിഐകളിൽ പുതിയ ട്രേഡുകൾ ആരംഭിക്കും

**കട്ടപ്പന:** പുതിയ കാലത്തെ തൊഴിൽസാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് നമ്മുടെ വിദ്യാർത്ഥികളെ സജ്ജമാക്കേണ്ടതുണ്ടെന്ന് തൊഴിൽവകുപ്പ് മന്ത്രി വി ശിവൻകുട്ടി. ഇതിനായി ഐ ടി ഐ കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുമെന്നും ശിവൻകുട്ടി പറഞ്ഞു. കട്ടപ്പന സർക്കാർ ഐ ടി ഐ യ്ക്ക് വേണ്ടി അന്താരാഷ്ട്രനിലവാരത്തിൽ നിർമ്മിച്ച പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. ത്രിഡി പ്രിന്റിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ കോഴ്സുകൾ നടപ്പിലാക്കും.

ഒരു പുതിയ കെട്ടിടം തുറക്കുക മാത്രമല്ല, സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഒരു പുതിയ യുഗത്തിന് തുടക്കമിടുകയാണ് കട്ടപ്പന ഐടിഐ യിലെ പുതിയ കെട്ടിടത്തിലൂടെ സാധ്യമാകുന്നത്.

വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള പരിശീലനം ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ആധുനിക ക്ലാസ് മുറികൾ, റഫ്രിജറേഷൻ, എയർ കണ്ടീഷനിംഗ്, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, വയർമാൻ ട്രേഡുകൾ ഉൾപ്പെടെ പുതിയ സൗകര്യങ്ങളാണ് കട്ടപ്പന ഐ ടി ഐ യെ വ്യത്യസ്തമാക്കുന്നത്.

വിദഗ്ധരായ പ്രൊഫഷണലുകളുടെ ആഗോള ആവശ്യം ഉയർന്ന നിലയിലാണിന്നുള്ളത്. ഐടിഐ പോലുള്ള സ്ഥാപനങ്ങൾ ഈ ആവശ്യം നിറവേറ്റുന്നതിൽ നിർണായകമാണ്.

അത് കേന്ദ്രസംസ്ഥാന സർക്കാർ സ്ഥാപനങ്ങളിലോ പൊതുമേഖലാ സ്ഥാപനങ്ങളിലോ വിദേശങ്ങളിലോ ആകട്ടെ, ശരിയായ പരിശീലനവും അവസരങ്ങളും ഉണ്ടെങ്കിൽ, അവർക്ക് നേടാനാകുന്ന കാര്യത്തിന് പരിധികളില്ലെന്ന് നമ്മുടെ പൂർവ്വ വിദ്യാർത്ഥികൾ തെളിയിച്ചിട്ടുണ്ട്.

# ഡെങ്കിപ്പനി പ്രതിരോധം: അമൃതയിൽ വാക്സിൻ ഗവേഷണത്തിന്റെ മൂന്നാംഘട്ടം ആരംഭിച്ചു

**കൊച്ചി:** ഡെങ്കിപ്പനിക്കെതിരെ തദ്ദേശീയമായി വികസിപ്പിച്ച 'ഡെങ്കി ഓൾ' വാക്സിൻറെ പരീക്ഷണം ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ഐ.സി.എം.ആർ ) നേതൃത്വത്തിൽ അമൃതയിൽ ആരംഭിച്ചു. രാജ്യത്ത് ആദ്യമായാണ് ഡെങ്കിപ്പനിക്കെതിരായുള്ള വാക്സിൻ മൂന്നാമത്തെ പരീക്ഷണ ഘട്ടത്തിൽ എത്തുന്നത്. അമൃത ആശുപത്രിയിലെ കമ്മ്യൂണിറ്റി മെഡിസിൻ, മൈക്രോബയോളജി, ജനറൽ മെഡിസിൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ കലൂരിലുള്ള അമൃത അർബൻ ഹെൽത്ത് സെന്ററിലാണ് വാക്സിന്റെ മൂന്നാംഘട്ട പരീക്ഷണങ്ങൾ നടക്കുന്നത്.

ഐ.സി.എം.ആർ, വാക്സിൻ നിർമ്മാതാക്കളായ പാനേഷ്യ ബയോടെക്കുമായി ചേർന്ന് രാജ്യത്തുടനീളം 19 കേന്ദ്രങ്ങളിലായി ആരോഗ്യവാന്മാരായ 10,335 വ്യക്തികളിലാണ് വാക്സിന്റെ പ്രവർത്തനം പഠനവിധേയമാക്കുന്നത്.

ഡെങ്കിപ്പനിയുടെ നാല് വകഭേദങ്ങളേയും ചെറുക്കാൻ ശേഷിയുള്ള വാക്സിൻ വികസിപ്പിക്കുകയെന്നതാണ് പ്രധാന വെല്ലുവിളിയെന്ന് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. ടീന മേരി ജോയ് പറഞ്ഞു. ഇന്ത്യയിൽ രോഗത്തിന്റെ എല്ലാ വകഭേദങ്ങളും കാണപ്പെടുന്നു. ഒരിക്കൽ ഡെങ്കിപ്പനി ഭേദമായവർക്ക് പിന്നീടും രോഗബാധ ഉണ്ടാകാൻ ഇത് ഇടയാക്കുന്നു.നിലവിൽ പരീക്ഷണ ഘട്ടത്തിലുള്ള 'ഡെങ്കി ഓൾ' വാക്സിൻ എല്ലാ ഡെങ്കി വകഭേദങ്ങൾക്കും ഫലപ്രദമാണെന്ന് ആദ്യ രണ്ടു പരീക്ഷണ ഘട്ടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട് . ലോകാരോഗ്യസംഘടനയുടെ കണക്ക് പ്രകാരം ലോകത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഡെങ്കിപ്പനിയിൽ മൂന്നിലൊന്നും ഇന്ത്യയിലാണ്. ഡെങ്കിപ്പനിബാധിതരിൽ 70 ശതമാനം ആളുകൾക്ക് പ്രകടമായ ലക്ഷണങ്ങൾ ഉണ്ടാകാറില്ല. ശിശുക്കളിലും പ്രായമായവരിലും രോഗസങ്കീർണ്ണതകളും മരണസാധ്യതയും കൂടുതലാണ്.

# സദ് ഗുരുവിന് കാനഡ ഇന്ത്യ ഫൗണ്ടേഷൻ പുരസ്കാരം



**കൊച്ചി:** ഇഷ ഫൗണ്ടേഷൻ സ്ഥാപകനും യോഗിയുമായ സദ് ഗുരുവിന് കാനഡ ഇന്ത്യ ഫൗണ്ടേഷൻ നൽകുന്ന സിഐഎഫ് ഗ്ലോബൽ ഇന്ത്യൻ പുരസ്കാരം ലഭിച്ചു. ആഗോളതലത്തിൽ സ്വാധീനം ചെലുത്തുകയും മികച്ചതും സുസ്ഥിരതയുമുള്ള സമൂഹസൃഷ്ടിപ്പിനായി സംഭാവന നൽകുകയും ചെയ്യുന്ന ഇന്ത്യക്കാർക്ക് നൽകുന്ന അംഗീകാരമാണിത്. പാരിസ്ഥിതിക വെല്ലുവിളികളെ നേരിടുന്നതിലും അറിവിന്റെ വ്യാപനത്തിലും സദ് ഗുരു നൽകിവരുന്ന നേതൃപരമായ സംഭാവനകൾക്കുള്ള അംഗീകാരമാണിതെന്ന് കാനഡ ഇന്ത്യ ഫൗണ്ടേഷൻ അധ്യക്ഷൻ റിതേഷ് മാലിക് പറഞ്ഞു. പുരസ്കാര തുകയായ 50,000 കനേഡിയൻ ഡോളർ കാവേരി പുനരുജ്ജീവന പദ്ധതിയായ കാവേരി കോളിങ്ങിനു വേണ്ടി വിനിയോഗിക്കുമെന്ന് സദ് ഗുരു പറഞ്ഞു.

# സംസ്ഥാന സ്കൂൾ കായികമേള നവംബർ 4 മുതൽ നവംബർ 11 വരെ കൊച്ചിയിൽ

**കൊച്ചി:** സംസ്ഥാന സ്കൂൾ കായികമേള ഒളിമ്പിക്സ് മാതൃകയിൽ നവംബർ 4 മുതൽ നവംബർ 11 വരെ കൊച്ചിയിൽ നടക്കും. ജില്ലയിലെ 17 വേദികളിലായി നടക്കുന്ന മേളയിൽ 24,000 കായിക പ്രതിഭകൾ 39 കായിക ഇനങ്ങളിൽ മത്സരിക്കും. മേളയുടെ വിജയത്തിനായി മുഖ്യമന്ത്രി മുഖ്യരക്ഷാധികാരിയായി വിപുലമായ ഓർഗനൈസിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നു.ഉദ്ഘാടനച്ചടങ്ങ് നവംബർ 4 ന് വൈകിട്ട് കലൂർ സ്റ്റേഡിയത്തിൽ മന്ത്രി ശിവൻകുട്ടിയും സാംസ്കാരിക പരിപാടി ചലച്ചിത്ര താരം മമ്മൂട്ടിയും നിർവഹിക്കും. നവംബർ 11 ന് മഹാരാജാസ് കോളജ് ഗ്രൗണ്ടിൽ നടക്കുന്ന സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാന ദാന നിർവ്വഹിക്കും. വിജയികൾക്ക് പ്രൈസ് മണി, മെഡൽ, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനോടൊപ്പം ചരിത്രത്തിൽ ആദ്യമായി സംസ്ഥാന സ്കൂൾ കായികമേളയിൽ കൂടുതൽ പോയിന്റ് നേടുന്ന ജില്ലയ്ക്ക് മുഖ്യമന്ത്രിയുടെ പേരിൽ എവർ റോളിംഗ് ട്രോഫി നൽകും. കായികമേളയുടെ പ്രചരണജാഥകൾ കാസർഗോഡ് ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ നിന്നും ആരംഭിച്ച് എല്ലാ ജില്ലകളും സന്ദർശിച്ച് നവംബർ 3 ന് വൈകുന്നേരം എറണാകുളം ജില്ലയിൽ എത്തിച്ചേരും.തിരുവനന്തപുരത്ത് നിന്ന് എവർ റോളിങ് ട്രോഫിയും കാസർഗോഡ് നിന്ന് ദീപശിഖയും ഭാഗ്യചിഹ്നം തക്കുടുവും വഹിച്ചു കൊണ്ടാണ് ജാഥകൾ സഞ്ചരിക്കുക. എറണാകുളം ജില്ലയിലെത്തുന്ന ജാഥകൾ വിപുലമായ സ്വീകരണത്തോടെ ഉദ്ഘാടന വേദിയായ കലൂർ സ്റ്റേഡിയത്തിൽ എത്തിച്ചേരും.

# കെഎസ്യുഎംഎസ്എസ്കെ ആദ്യ ടിങ്കറിംഗ് ലാബ് തൃപ്പൂണിത്തുറ ഗവ. ഗേൾസ് സ്കൂളിൽ ആരംഭിച്ചു

**കൊച്ചി:** വിദ്യാർഥികളിൽ ശാസ്ത്രീയമായ നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിന് ഇന്നൊവേഷൻ സെൻററുകൾ പ്രധാന പങ്ക് വഹിക്കുമെന്ന് പൊതുവിദ്യാഭ്യാസ, തൊഴിൽ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി. പൊതുവിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളവും (എസ്എസ്കെ) കേരള സ്റ്റാർട്ടപ്പ് മിഷനു(കെഎസ്യുഎം)മായി ചേർന്ന് നടപ്പിലാക്കുന്ന സെൻറർ ഫോർ ഏർലി ഇന്നൊവേഷൻറെ(ടിങ്കറിംഗ് ലാബ്) സംസ്ഥാനതല ഉദ്ഘാടനം തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ആദ്യഘട്ടത്തിൽ 28 സ്കൂളുകളിലാണ് ടിങ്കറിംഗ് ലാബുകൾ സ്ഥാപിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. അതിൽ ആദ്യത്തെ ലാബ് ആണ് തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിലേത്. ഈ അധ്യയന വർഷം 70 സ്കൂളുകളിൽ ലാബുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ഏഴ് മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ നൂതന സാങ്കേതിക വിദ്യകളും ആശയങ്ങളും കുട്ടികളെ പരിചയപ്പെടുത്തുന്ന ഇന്നൊവേഷൻ സെൻറർ ലാബുകൾ മുഖ്യമന്ത്രിയുടെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായാണ് തുടങ്ങുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കരിക്കുലത്തിലെ വിവിധ പഠന പ്രവർത്തനങ്ങളുമായി കോർത്തിണക്കി ശാസ്ത്രീയമായ രീതിയിൽ നൂതന ആശയങ്ങൾ വികസിപ്പിക്കുന്ന കഴിവുകൾ കുട്ടികളിൽ വളർത്തുകയാണ് ലാബിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്ത് ആദ്യമായാണ് പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് ടിങ്കറിംഗ് ലാബുകൾ സജ്ജമാക്കുന്നത്. ലോകബാങ്ക് ധനസഹായത്തോടെ സ്ട്രെങ്തനിംഗ് ടീച്ചിംഗ്ലേണിംഗ് ആൻഡ് റിസൾട്ട് ഫോർ സ്റ്റേറ്റ്സ്(എസ്ടിഎആർഎസ്)നു കീഴിലാണ് പദ്ധതി നടപ്പാക്കുന്നത്.

പരിപാടിയോടനുബന്ധിച്ച് ടിങ്കറിംഗ് ലാബ് അധ്യാപകർക്ക് പരിചയപ്പെടുത്തുന്നതിനായി കെഎസ്യുഎം ശിൽപ്പശാല സംഘടിപ്പിച്ചു. ഇന്നൊവേഷൻ സെൻററിൽ വിവിധ ശാസ്ത്ര പ്രോജക്കുകളുടെ പ്രദർശനവും വിവരണവും വിദ്യാർഥികളുടെ നേതൃത്വത്തിൽ നടന്നു.

ചടങ്ങിൽ തൃപ്പൂണിത്തുറ നഗരസഭ ചെയർപേഴ്സൺ രമ സന്തോഷ് അധ്യക്ഷത വഹിച്ചു. തൃപ്പൂണിത്തുറ നഗരസഭ വൈസ് ചെയർമാൻ കെ.കെ പ്രദീപ് കുമാർ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ യു.കെ പീതാംബരൻ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ദീപ്തി സുമേഷ്, കേരള സ്റ്റാർട്ടപ്പ് മിഷൻ പ്രൊജക്ട് ഡയറക്ടർ കാർത്തിക് പരശുറാം, സ്കൂൾ പ്രിൻസിപ്പൽ മിനി പി.ബി തുടങ്ങിയവർ സംസാരിച്ചു. എസ്എസ്കെ അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഷൈൻ മോൻ എം.കെ സ്വാഗതവും എസ്എസ്കെ ജില്ലാ പ്രൊജക്റ്റ് കോഓർഡിനേറ്റർ ബിനോയ് കെ ജോസഫ് നന്ദിയും പറഞ്ഞു.

# തേവര പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ 24 മുതൽ 28 വരെ

**കൊച്ചി:**തേവര സെൻ്റ് ജോസഫ് പള്ളിയിൽ വിശുദ്ധ യൂദാശ്ലീഹായുടെ രക്തസാക്ഷിത്വ തിരുനാൾ ഒക്ടോബർ ഇരുപത്തി നാലാം തീയതി വ്യാഴാഴ്ച ആരംഭിച്ച് ഇരുപത്തിയെട്ടാം തീയതി തിങ്കളാഴ്ച അവസാനിക്കുന്നു. ഇരുപത്തി നാലാം തീയതി വ്യാഴാഴ്ച വൈകുന്നേരം നാലെ നാല്പത്തിഅഞ്ചിന് പ്രസുദേന്തി വാഴ്ച, തിരുസരൂപം എടുത്തു വെയ്ക്കൽ, നേർച്ച പായസം ആശിർവദിക്കൽ തുടർന്ന് തിരുനാൾ കൊടികയറ്റത്തിനും ദിവ്യബലിക്കും ഫാ. സക്കറിയാസ് പാവനത്തറ മുഖ്യകാർമികത്വം വഹിക്കും , ഫാ. റാഫേൽ കൊമരൻചാത്ത് വചനപ്രഘോഷണം നടത്തും.

സെൻ്റ് ജൂഡ് നൊവേന ദിനത്തിൽ പതിവുപോലെ എല്ലാ തിരുക്കർമ്മങ്ങളും ഉണ്ടായിരിക്കും. ഇരുപത്തിയഞ്ചാം തീയതി വെള്ളിയാഴ്ചയും, ഇരുപത്തിആറാം തീയതി ശനിയാഴ്ചയും, ഇരുപത്തിയേഴാം തീയതി ഞായറാഴ്ചയും വൈകുന്നേരം 5 30ന് ദിവ്യബലിക്ക് ഫാ.തോമസ് പുളിക്കൽ, ഫാ. ആന്റണി ചെറിയ കടവിൽ, ഫാ. ടൈറ്റസ് ആന്റണി കുരിശുവീട്ടിൽ എന്നിവർ യഥാക്രമം മുഖ്യകാർമികരും ഫാ.വിൻസന്റ് വാരിയത്ത്,, ഫാ. ജിനോ ജോർജ് കടുങ്ങാംപറമ്പിൽ, ഫാ ആന്റണി സിജൻ മനുവേലിപ്പറമ്പിൽ എന്നിവർ യഥാക്രമം വചനപ്രഘോഷകരും ആയിരിക്കും. തിരുനാൾ സമാപന ദിവസമായ ഇരുപത്തിയെട്ടാം തീയതി തിങ്കളാഴ്ച വൈകുന്നേരം 5:30ന് ആഘോഷമായ തിരുനാൾ ദിവ്യബലിക്ക് വരാപ്പുഴ അതിരൂപത സഹായമെത്രാൻ ഡോ.ആന്റണി വാലുങ്കൽ മുഖ്യ കാർമികത്വം വഹിക്കും ഫാ. ജോൺ ക്യാപ്പിസ്റ്റൻ ലോപ്പസ് വചനപ്രഘോഷണം നടത്തും.



# കന്യാകുമാരിയിൽ കടലിനു കുറുകെ കണ്ണാടിപ്പാലം; 37 കോടി രൂപ ചെലവ്: ഉദ്ഘാടനം ഡിസംബറിൽ

**കന്യാകുമാരി:** കടലിൽ വിവേകാനന്ദപ്പാറയെയും തിരുവള്ളുവർ പ്രതിമയെയും ബന്ധിപ്പിച്ചു നിർമിക്കുന്ന കണ്ണാടിപ്പാലത്തിന്റെ നിർമാണം അന്തിമ ഘട്ടത്തിലേക്ക്. ഡിസംബറിൽ ഉദ്ഘാടനമാണു ലക്ഷ്യം.പാലം പൂർത്തിയാകുന്നതോടെ വിവേകാനന്ദപ്പാറയിൽ നിന്നു നടന്ന് തിരുവള്ളുവർ പ്രതിമയിലേക്ക് എത്താൻ കഴിയും. 37 കോടി രൂപ ചെലവിൽ 77 മീറ്റർ നീളത്തിലും 10 മീറ്റർ വീതിയിലുമാണ് നടപ്പാലം സ്ഥാപിക്കുക.തമിഴ്നാട് പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ചെന്നൈയിലെ വിഎംഇ പ്രീകാസ്റ്റ് പ്രോ!ഡക്ട്സ് കമ്പനിക്കാണ് നിർമാണച്ചുമതല. ഇരുഭാഗത്തെയും ബന്ധിപ്പിച്ച് സ്റ്റീൽ മേൽക്കൂര സ്ഥാപിക്കുന്ന പണികളാണ് നടക്കുന്നത്.തുടർന്ന് സ്റ്റീൽ പ്ലാറ്റ്ഫോം സ്ഥാപിച്ച് ഗ്ലാസ് പാളികൾ സ്ഥാപിക്കും.

# ശീതകാല പച്ചക്കറി; പ്രോട്രേകളിൽ തൈകൾ ഉത്പാദിപ്പിക്കാം



ശീതകാലവിളകളായ കാബേജും കോളിഫ്ളവറും വിത്ത് മുളപ്പിച്ച് തൈകളുണ്ടാക്കി പറിച്ചുനട്ടാണ് കൃഷി ചെയ്യുന്നത്. കാരറ്റും ബീറ്റ്റൂട്ടും സവാളയും വിത്ത് നേരിട്ട് പാകിയും തൈകൾ തയ്യാറാക്കിയും കൃഷിചെയ്യാവുന്നതാണ്. ആരോഗ്യകരമായ തൈകൾ ഉത്പാദിപ്പിക്കാൻ പ്രോട്രേകളിൽ തൈ ഉത്പാദിപ്പിക്കുന്നതാണ് സുരക്ഷിതം.

പ്രൊപ്പഗേഷൻ ട്രേ എന്നതിന്റെ ചുരുക്കപ്പേരാണിത്. അറകളുടെ എണ്ണമനുസരിച്ചും വലുപ്പമനുസരിച്ചും വിവിധ പ്രോട്രേകൾ മാർക്കറ്റിൽ ലഭ്യമാണ്.

കാബേജിൽ പൂസാ ഡ്രം ഹെഡ്, കാവേരി, ഗംഗ, ഗോൾഡൻ ഏക്കർ, സെപ്റ്റംബർ, എൻ.എസ്. 43, എൻ.എസ്. 143, എൻ.എസ്. 160, എൻ.എസ്. 183 എന്നിവയും കോളിഫ്ലവറിൽ ബസന്ത്, എൻ.എസ്. 60, പൂസ മേഘ്ന, സ്വാതി, പൂസാ ദീപാളി, ഗ്രീഷ്മ, അതിശീഘ്ന, ഹിമാനി എന്നിവയും കാരറ്റിൽ പൂസാകേസർ, പൂസ മേഘാലി, പൂസ നയൻ ജ്യോതി എന്നിവയും ബിറ്റ്റൂട്ടിൽ ഡെട്രോയിറ്റ് ഡാർക്ക് റെഡ്, മധുർ എന്നിവയും സവാളയിൽ അഗ്രിഫൗണ്ട് ഡാർക്ക് റെഡ്, അഗ്രിഫൗണ്ട് ലൈറ്റ് റെഡ്, അർക്കാ കല്യാൺ, അർക്കാ പ്രഗതി എന്നീ ഇനങ്ങളും നമ്മുടെ നാടിന് യോജിച്ചതാണ്. രോഗനിയന്ത്രണത്തിനായി വിത്തുകൾ പാകുന്നതിനുമുൻപ് ഒരു കിലോ വിത്തിന് 10 ഗ്രാം ട്രൈക്കോഡെർമ എന്ന കണക്കിന് ട്രീറ്റ് ചെയ്യുന്നത് കടചീയലിന് കാരണമായ ഫൈറ്റോഫ്തോറ, പിത്തിയം, ഫ്യൂസേറിയം എന്നീ ഫംഗസുകൾക്കെതിരേ പ്രതിരോധമാകും. പ്രോട്രേകളിൽ തൈകൾ തയ്യാറാക്കുന്നതിനായി ചകിരിച്ചോർ അഥവാ കോകോ പീറ്റ്, വെർമിക്കുലൈറ്റ്, പെർലൈറ്റ് എന്നിവ യഥാക്രമം 3:1:1 എന്ന അനുപാതത്തിൽ ചേർത്ത മിശ്രിതം ഉപയോഗിക്കാം. കോകോ പീറ്റ് ചെടി വളരാനുള്ള മാധ്യമമായും വെർമിക്കുലൈറ്റ് വളരാനുള്ള മാധ്യമത്തിന്റെ ഭാഗമായും പെർലൈറ്റ് നീർവാർച്ചയ്ക്കും സഹായകമാവും. മിശ്രണം തയ്യാറാക്കുന്നതിനുമുൻപ് കോകോ പീറ്റ് നന്നായി വെള്ളത്തിൽ കഴുകി അതിന്റെ അമ്ലത കുറയ്ക്കേണ്ടതാണ്.

ഇത് പ്രോട്രേകളിൽ നിറച്ച് അതിൽ ഒരു കുഴിയിൽ ഒരു വിത്ത് എന്നരീതിയിൽ പാകി അല്പം മിശ്രിതം മുകളിൽ തൂവിക്കൊടുക്കണം. സവാളയുടെ വിത്ത് പാകുമ്പോൾ ഒരു കുഴിയിൽ രണ്ടോമൂന്നോ വിത്തുകളിടാം. കൂടുതൽ ട്രേകളുണ്ടെങ്കിൽ അത് പത്തെണ്ണം വീതമുള്ള അടുക്കുകളാക്കിവെക്കണം. ഇതിലെ റിലേറ്റിറ്റീവ് ഹ്യുമിഡിറ്റി കൂടുന്നതിനായി പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് മൂടി പൊതിഞ്ഞുവെക്കുന്നത് നല്ലതാണ്. മൂന്നാം ദിവസം ഷീറ്റ് എടുത്തുമാറ്റി ട്രേകൾ നിരത്തിവെക്കണം. വിത്തുപാകുന്നതിന് ഇപ്പോൾ ചെറുയന്ത്രം ലഭ്യമാണ്. വിത്തിട്ടശേഷം ട്രേകൾ അധികം തണലില്ലാത്ത സ്ഥലത്ത് വെക്കണം. ഒരാഴ്ചയ്ക്കകം വിത്ത് മുളച്ചുതുടങ്ങും.

ട്രേകളിൽ വളരെക്കുറഞ്ഞ അളവിൽമാത്രം വെള്ളം നൽകിയാൽമതി. അമിതജലസേചനം തൈകളുടെ അഴുകൽരോഗത്തിനു കാരണമാകും. തൈകളുടെ വളർച്ച ത്വരപ്പെടുത്താൻ പാക്കറ്റിൽ ലഭിക്കുന്ന ഫോളിയാർ ട്രിപ്പിൾ എയ്റ്റീൻ (18:18:18) അല്ലെങ്കിൽ ട്രിപ്പിൾ നയൻറീൻ (19:19:19) എന്ന വളം രണ്ടുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി വിത്ത് മുളച്ച് അഞ്ചാംനാൾമുതൽ നൽകാം. ഇത് വളർച്ച തൃപ്തികരമല്ലെങ്കിൽ ആഴ്ചയിലൊരിക്കൽ ആവർത്തിക്കാം. രാണ്ടാഴ്ചയ്ക്കുശേഷം കാത്സ്യം നൈട്രേറ്റ് രണ്ടുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നതോതിൽ ചേർത്ത് തളിക്കുന്നതും നല്ല ഫലംചെയ്യും. മൂന്നുമുതൽ അഞ്ചാഴ്ചയാവുന്നതോടെ തൈകളുടെ ഇനമനുസരിച്ചും വളർച്ചയനുസരിച്ചും പ്രധാന കൃഷിയിടത്തിലേക്ക് പറിച്ചുനടാം.

ട്രേയിൽനിന്നും കടഭാഗം പിടിച്ച് ഉയർത്തിയാൽ മാധ്യമത്തിൽ ഇടകലർന്ന വേരുപടലത്തിന് കോട്ടംതട്ടാത്തരീതിയിൽ മാധ്യമമടക്കം മണ്ണിൽ നേരിട്ട് വെക്കാനാവും. കാരറ്റ്, ബീറ്റ്റൂട്ട്, സവാള എന്നിവ വിത്ത് നേരിട്ട് വിതച്ചും തൈകൾ തയ്യാറാക്കി പറിച്ചുനട്ടും കൃഷിചെയ്യാവുന്നതാണ്. ശീതകാല പച്ചക്കറികളുടെ കൃഷിക്ക് തുടക്കമിടാൻസമയമായി. തണുപ്പുകാലം പൂർണമായും പ്രയോജനപ്പെടുത്താനാവുംവിധം കൃഷി ആരംഭിക്കാനാവണം. നല്ല സൂര്യപ്രകാശം ലഭ്യമാകുന്ന ഇടങ്ങളിലാണ് കൃഷി ചെയ്യേണ്ടത്

ലഭ്യതയനുസരിച്ച് ജില്ലാ കൃഷിത്തോട്ടങ്ങൾ, സീഡ് ഫാമുകൾ, കൃഷിഭവനുകൾ, കേരള കാർഷിക സർവകലാശാലയുടെ ഇൻസ്ട്രക്ഷണൽ ഫാമുകൾ, ജില്ലകളിലെ കൃഷിവിജ്ഞാനകേന്ദ്രങ്ങൾ, സീഡ് പ്രോസസിങ് പ്ലാൻറ് എന്നിവ വിത്ത് വിതരണംചെയ്യാറുണ്ട്. കൂടാതെ സർക്കാർ അംഗീകൃത നഴ്സറികൾ, വിത്തുവിതരണ ഏജൻസികൾ വഴിയും ഹൈബ്രിഡ് വിത്തുകൾ ലഭ്യമാണ്.

# പഴത്തോട്ടങ്ങൾക്ക് ജിയോ ടാഗിങ് വരുന്നു



സംസ്ഥാനത്ത് ആയിരം ഹെക്ടർ പഴത്തോട്ടങ്ങൾക്ക് ജിയോ ടാഗിങ് ഏർപ്പെടുത്തുന്നു. കയറ്റുമതി സാധ്യതയേറെയുള്ള നേന്ത്രപ്പഴം, അവക്കാഡോ, മാങ്ങ, മാങ്കോസ്റ്റീൻ, പപ്പായ, റംബൂട്ടാൻ തോട്ടങ്ങളാണ് ജിയോടാഗിങ് ചെയ്യുന്നത്. കൃഷിവകുപ്പിന്റെ സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾക്കായി തിരഞ്ഞെടുത്ത തോട്ടങ്ങളെയാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുക.

ജിയോ കോഡിനേറ്റുകളുടെ സഹായത്തോടെ തോട്ടങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം നിർണയിക്കുന്നതോടൊപ്പം ഫോട്ടോ, കൃഷിരീതി, ഉത്പാദനം അടക്കമുള്ള വിവരങ്ങൾകൂടി ലഭ്യമാകുന്ന തരത്തിലാവും ജിയോ ടാഗിങ് പൂർത്തിയാക്കുക. കേരള ബ്രാൻഡിൽ ഉത്പന്നങ്ങളുടെ കയറ്റുമതിക്കാവശ്യമായ തുടർനടപടികളും ഉണ്ടാവും.

പഴം ഉത്പാദനരംഗത്ത് ക്ലസ്റ്റർ തലത്തിൽ നൽകിവരുന്ന പ്രത്യേക സബ്സിഡിക്കായി ഇനിമുതൽ വിവിധതരം പഴം കർഷകരുടെ കൂട്ടായ്മകളെയും ഉൾപ്പെടുത്തും. ഇതുവരെ ക്ലസ്റ്ററിനായി വേണ്ട അഞ്ചേക്കർ കൃഷിയും ഒരേയിനത്തിലുള്ള പഴങ്ങളാവണമെന്ന വ്യവസ്ഥയുമാണ് പരിഷ്കരിച്ചത്. പഴം ഉത്പാദകരുടെ ക്ലസ്റ്റർ രൂപവത്കരിക്കാൻ കൃഷിസമൃദ്ധി പഞ്ചായത്തുകൾക്ക് പ്രത്യേക പരിഗണന നൽകും. 50 സെന്റിൽ പഴംകൃഷി ചെയ്യുന്നവരെയും ആനുകൂല്യ പട്ടികയിൽ ഉൾപ്പെടുത്തും.

നിലമൊരുക്കൽ, തൊഴിലാളികളുടെ കൂലി, നടീൽ എന്നിവയുടെ ചെലവുകളടക്കം 75 ശതമാനംവരെ സബ്സിഡി ലഭിക്കും.

# കൂമ്പുചീയലോ ട്രൈക്കോഡെർമ കേക്കുണ്ട്

തെങ്ങുകൃഷിയുടെ മുഖ്യ ശത്രുവാണ് കൂമ്പ് ചീയൽ രോഗം. ഫൈറ്റോഫ്തോറ പാമിവോറ എന്ന ഫംഗസാണ് രോഗകാരി. രോഗം ബാധിച്ച തെങ്ങിന്റെ നാമ്പോലക്ക് ചുറ്റുമുള്ള ഒന്നോ രണ്ടോ ഓലകൾ മഞ്ഞളിക്കുന്നതാണ് പ്രാരംഭ ലക്ഷണം. ശ്രദ്ധിച്ചു നോക്കിയാൽ നാമ്പോലയിൽ ഇളം കറുപ്പു നിറത്തിലുള്ള നനഞ്ഞ പാടുകളും കാണാം. തുടർന്ന് പാടുകൾ ബാധിച്ച ഭാഗങ്ങൾ അഴുകുന്നതോടെ അവ വാടി ഉണങ്ങി ഒടിയുന്നു.അഴുകിയ ഭാഗങ്ങളിൽനിന്നും ദുർഗന്ധമുണ്ടാകും. വാടിയ നാമ്പോലകൾ വലിച്ചാൽ ഊരി വരും. ഇത്തരത്തിൽ പുറത്തെടുത്ത നാമ്പോലയുടെ ചുവടുഭാഗം അഴുകിയിരിക്കുന്നതും കാണാം. രോഗം രൂക്ഷമാകുന്നതോടെ തെങ്ങിന്റെ മൃദുവായ മണ്ട അഥവാ കൂമ്പ് പൂർണമായും അഴുകി നശിക്കും.

മണ്ണിൽനിന്നും ഫൈറ്റോഫ്തോറ പാമിവോറ ഫംഗസ് മഴവെള്ളം, ഷഡ്പദങ്ങൾ, മനുഷ്യർ തുടങ്ങിയവ വഴിയാണ് തെങ്ങുകളിൽ എത്തുന്നത്. ഇവ വളർന്ന് സ്പോറുകൾ ഉൽപ്പാദിപ്പിക്കും. ഇവ കാറ്റ് വഴി പടരുന്നു. അന്തരീക്ഷ ആർദ്രത കൂടിയിരിക്കുകയും താപനില കുറവായിരിക്കുകയും ചെയ്യുന്ന കാലാവസ്ഥകളിലാണ് രോഗവ്യാപനം കൂടുന്നത്. ഇളം തെങ്ങുകളെയാണ് രോഗം കൂടുതലായും ബാധിക്കുക.

രോഗാരംഭത്തിൽ തന്നെ ശ്രദ്ധിച്ചാൽ തെങ്ങിനെ രക്ഷപ്പെടുത്താനാവും. പതിവായി കൂമ്പ് ചീയൽ രോഗം കാണുന്ന പ്രദേശങ്ങളിൽ മുൻകരുതൽ നടപടിയായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതമോ തത്തുല്യമായ ഫംഗിസൈഡുകളോ സ്പ്രേ ചെയ്യണം.

ട്രൈക്കോഡെർമ ഹർസിയാനം എന്ന മിത്ര കുമിൾ, ചകിരിച്ചോറിൽ വളർത്തിയെടുത്ത ട്രൈക്കോഡെർമ കേക്ക് ഉയരം കൂടിയ തെങ്ങുകളിൽ ഉപയോഗിക്കാം. പ്രതിരോധ നടപടി എന്ന നിലയിൽ കാലവർഷാരംഭത്തിനും തുലാവർഷാംരംഭത്തിനും മുമ്പായി നാമ്പോലക്ക് ചുറ്റുമുള്ള രണ്ട് ഓലക്കവിളുകളിലായി ഓരോ കേക്ക് വീതം വച്ചുകൊടുക്കുക. മഴയില്ലാത്തപ്പോൾ കേക്ക് വെള്ളത്തിൽ കുതിർത്തശേഷവും മഴക്കാലത്ത് കുതിർക്കാതെ നേരിട്ടും ഓലക്കവിളിൽ വച്ചുകൊടുക്കാം.

# ഡിജിറ്റൽ ലാൻഡ് സർവേയിൽ പുരോഗതി കൈവരിച്ച ഏക സംസ്ഥാനം കേരളം: മുഖ്യമന്ത്രി

## എന്റെ ഭൂമി സംയോജിത പോർട്ടലിന് തുടക്കം
## സംസ്ഥാനത്തെ ഭൂരേഖാ വിവരങ്ങൾ ഇനി ഒറ്റ ക്ലിക്കിൽ

**തിരുവനന്തപുരം:** ഇന്ത്യയിൽ ഡിജിറ്റൽ ലാൻഡ് സർവേയിൽ കാര്യമായ പുരോഗതി കൈവരിച്ച ഏക സംസ്ഥാനമാണ് കേരളമെന്നും റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകൾ സംയുക്തമായി നടപ്പിലാക്കുന്ന എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനം ഇന്ത്യയിലെ തന്നെ ആദ്യത്തെ സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനമാണെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. എന്റെ ഭൂമി സമഗ്ര ഭൂവിവര ഡിജിറ്റൽ സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിശാഗന്ധിയിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഡിജിറ്റൽ ലാൻഡ് സർവേ മൂന്നാം ഘട്ടത്തിലേക്ക് കടക്കുന്ന സാഹചര്യത്തിലാണ് എന്റെ ഭൂമി ഡിജിറ്റൽ ഭൂരേഖാ സംവിധാനം യാഥാർത്ഥ്യമായിട്ടുള്ളത്. രാജ്യത്തിനാകെ മാതൃകയായ പദ്ധതിയിലൂടെ സംസ്ഥാനത്തെ ഭൂരേഖാ വിവരങ്ങൾ ഇനി ഒറ്റ ക്ലിക്കിലൂടെ ലഭിക്കും. ഭൂമിയുടെ കൈമാറ്റം, ഭൂമി രജിസ്റ്റർ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം, പ്രീ മ്യൂട്ടേഷൻ സ്കെച്ച്, സർട്ടിഫിക്കറ്റ്, ഭൂനികുതി അടവ്, ന്യായവില നിർണയം, ഓട്ടോമ്യൂട്ടേഷൻ, ലൊക്കേഷൻ സ്കെച്ച്, ഭൂമിയുടെ തരംമാറ്റം തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ ഇനി ഈ പോർട്ടലിലൂടെ ലഭ്യമാകും.

വിവിധ ഓഫീസുകൾ കയറിയിറങ്ങാതെ തന്നെ ഇനി പൊതുജനങ്ങൾക്ക് ഭൂമിസംബന്ധമായ ഇടപാടുകൾ കാര്യക്ഷമമമായും സുതാര്യമായും ലഭ്യമാകും. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ ആരംഭിച്ച എന്റെ ഭൂമി ഡിജിറ്റൽ ലാൻഡ് സർവേ പദ്ധതിയിലൂടെ 212 വില്ലേജുകളിലെ 35.2 ലക്ഷം പാർസലുകളിലായി 4.8 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവേ ഇതിനോടകം പൂർത്തിയാക്കി. കാസർകോട് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ തുടക്കം കുറിക്കുന്ന എന്റെ ഭൂമി പോർട്ടൽ മൂന്ന് മാസത്തിനകം ഡിജിറ്റൽ സർവേ പൂർത്തിയായ 212 വില്ലേജുകളിലേക്കും വ്യാപിപ്പിക്കും.

സർക്കാരും ജനങ്ങളും തമ്മിലുള്ള ഇഴയടുപ്പം കൂടുതൽ വർദ്ധിപ്പിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. ഈ കാഴ്ചപ്പാടോടെ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പന്ത്രണ്ട് പുതിയ റവന്യൂ ഇസേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വസ്തുവിന്മേലുള്ള ബാധ്യത രേഖപ്പെടുത്തുന്നതിനും ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും കെട്ടിട നികുതി അപ്പീൽ നൽകുന്നതിനുമുള്ള ഓൺലൈൻ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിൽ ലഭ്യമാണ്. റവന്യൂ റിക്കവറി ഡിജിറ്റൽ പേമെന്റ് സംവിധാനവും ഇസർവ്വീസ് മൊബൈൽ ആപ്ലിക്കേഷൻ പരാതി പരിഹാര സംവിധാനങ്ങളും ഭൂമി സംബന്ധമായ കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളുടെ വിവരം ലഭ്യമാക്കാനുള്ള സംവിധാനവും എല്ലാം ഇസർവീസ് മുഖേനയാക്കിവരികയാണ്.

റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ നൂതന സാങ്കേതിക വിദ്യകളെ പ്രയോജനപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ സംസ്ഥാന സർക്കാർ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ഡിജിറ്റൽ റീസർവ്വേ നടപ്പാക്കിയും സ്മാർട്ട് വില്ലേജ് ഓഫീസുകൾ ഒരുക്കിയും യുണീക്ക് തണ്ടപ്പേർ ഏർപ്പെടുത്തിയും ഇഗവേർണൻസ് സംവിധാനങ്ങളെ ശക്തിപ്പെടുത്തിയും കേരളത്തിലുള്ളവർക്കു മാത്രമല്ല, ലോകമെങ്ങുമുള്ള കേരളീയ പ്രവാസി സഹോദരങ്ങൾക്കാകെ ഉപകാരപ്രദമാകുംവിധം റവന്യൂ വകുപ്പിന്റെ സേവനങ്ങൾ വ്യാപിപ്പിച്ചിട്ടുണ്ട്. റവന്യൂ വെബ് പോർട്ടൽ വഴി നൽകുന്ന സേവനങ്ങൾ നിലവിൽ 10 വിദേശ രാജ്യങ്ങളിൽ കൂടി ലഭ്യമാണ്. യു കെ, യു എസ് എ, കാനഡ, സിങ്കപ്പൂർ, സൗദി അറേബ്യ, യു എ ഇ, ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹറിൻ എന്നീ രാജ്യങ്ങളിലാണ് ആദ്യഘട്ടമായി സേവനങ്ങൾ ലഭ്യമാക്കുന്നത്. പടിപടിയായി ഇത് മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കും.

സംസ്ഥാനത്ത് ഇപട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതും പ്രത്യേക പട്ടയമിഷനു രൂപം നൽകിയതും എല്ലാം ഭൂമിയുടെ കൈവശാവകാശം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ഇടപെടലുകളാണ്. ഇതിനൊക്കെ പുറമെയാണ് ഐ എൽ ഐ എം എസ് പോർട്ടൽ യാഥാർത്ഥ്യമാക്കിയിട്ടുള്ളതെന്നും മുഖ്യമന്ത്രി പറഞ്ഞു. എന്റെ ഭൂമി സംയോജിത പോർട്ടലിന്റെ ലോഞ്ചിംഗ് വീഡിയോ മുഖ്യമന്ത്രി സ്വിച്ച് ഓൺ ചെയ്തു.

മന്ത്രി കെ രാജൻ അദ്ധ്യക്ഷനായിരുന്ന ചടങ്ങിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ പദ്ധതി വിശദീകരിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി മുഖ്യപ്രഭാണം നടത്തി. വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ, വി കെ പ്രശാന്ത് എംഎൽഎ, ആന്റണി രാജു എംഎൽഎ, ജില്ലാ കളക്ടർ അനുകുമാരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് കുമാർ ഡി, റവന്യു പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, ലാൻഡ് റവന്യു കമ്മീഷണർ ഡോ എ കൗശിഗൻ, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ ശ്രീധന്യ സുരേഷ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

## ഫിസിയോ തെറാപ്പിസ്റ്റ് തസ്തികയിൽ താത്കാലിക നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജ് ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ ഒഴിവുള്ള ഫിസിയോ തെറാപ്പിസ്റ്റ് തസ്തികയിലേക്ക് 580/ രൂപ ദിവസ വേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു.

അപേക്ഷകരുടെ യോഗ്യത: പ്രായം അമ്പതിൽ താഴെ ആയിരിക്കണം, എംപിടി പാസ്സായിരിക്കണം, പ്രവൃത്തി പരിചയം അഭിലഷണീയം, 01.01.24 നു 50 വയസ്സ് പൂർത്തിയായവർ അപേക്ഷിക്കേണ്ടതില്ല. താൽപ്പര്യമുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റ , വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി നവംബർ 02 നു രാവിലെ 11 ന് ആയുർവേദ കോളേജ് ആശുപത്രി കാര്യാലയത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ 04842777489, 04842/776043

## അപേക്ഷ സമർപ്പിക്കാം

**കൊച്ചി:** എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സ്വയംതൊഴിൽ വായ്പാ പദ്ധതികളിലേക്ക് അപേക്ഷ സമർപ്പിക്കാം. പ്രായം 18 നും 65 നും മധ്യേ. 10 ലക്ഷം രൂപ വരെ പരമാവധി വായ്പ ലഭിക്കുന്ന വിവിധ പദ്ധതികളിൽ നിയമപ്രകാരമുള്ള സബ്സിഡി ലഭിക്കും. അപേക്ഷാ ഫോമുകൾ ബന്ധപ്പെട്ട എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് നേരിട്ടും www.employment.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും. അപേക്ഷ നൽകേണ്ട അവസാന തീയതി ഒക്ടോബർ 30. ഫോൺ: 0484 2422458.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മുളന്തുരുത്തി ഐസിഡിഎസ് വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഐസിഡിഎസ് പ്രോജക്ടിലെ ചോറ്റാനിക്കര പഞ്ചായത്ത് സെന്റർനമ്പർ 14 പുന്തോട്ടത്തുപറയിൽ അങ്കണവാടിക്കായി സക്ഷം പദ്ധതി പ്രകാരമുള്ള സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിനും അങ്കണവാടി നവീകരിക്കുന്നതിനും താലുര്യമുള്ള സ്ഥാപനങ്ങൾ /വ്യക്തികളിൽ നിന്നും ടെണ്ടറുകൾ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി നവംബർ 5 ഉച്ചയ്ക്ക് രണ്ടരവരെ. ടെണ്ടർ ഫോറം മുളന്തുരുത്തി ഐസിഡിഎസ് ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0484 2743688

## മ്യൂസിയങ്ങൾ സജ്ജമാക്കുന്നത് കഥ പറയും മാതൃകയിൽ: മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

**തിരുവനന്തപുരം:** ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്കനുസരിച്ച് കഥപറയും മാതൃകയിൽ തീമാറ്റിക് രീതിയിലാണ് സംസ്ഥാനത്ത് മ്യൂസിയങ്ങൾ സജ്ജമാക്കുന്നതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി.

ഇത്തരത്തിൽ കഴിഞ്ഞ എട്ടു വർഷമായി സംസ്ഥാനത്ത് നിരവധി മ്യൂസിയങ്ങളാണ് വിവിധ വകുപ്പുകളുടെ കീഴിൽ യാഥാർഥ!്യമാക്കിയതെന്നും മന്ത്രി പറഞ്ഞു. മ്യൂസിയം ശ്രീ ചിത്രാ ആർട്ട് ഗ്യാലറി പൈതൃക മന്ദിരത്തിൽ നിർമിച്ച ആമുഖ ഗ്യാലറി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.



മ്യൂസിയം വകുപ്പും ഈ രംഗത്ത് ശ്രദ്ധേയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. അതിൻറെ സാക്ഷ്യപത്രങ്ങളാണ് തിരുവനന്തപുരത്തെ നവീകരിച്ച നാചറൽ ഹിസ്റ്ററി മ്യൂസിയവും രാജാ രവിവർമ ആർട്ട് ഗാലറിയും.

രവിവർമ ചിത്രങ്ങൾക്കും രവിവർമ സ്കൂൾ ഓഫ് ആർട്ടിലെ മറ്റ് കലാകാരൻമാരുടെ ചിത്രങ്ങൾക്കും മാത്രമായി ഒരു ഗ്യാലറി സ്ഥാപിക്കുകയെന്ന ദീർഘകാല സ്വപ്നമാണ് രാജാരവിവർമ ആർട്ട് ഗ്യാലറിയിലൂടെ യാഥാർഥ്യമായത്.

വിശ്വോത്തര കലാകാരന് ജന്മനാട്ടിൽ ഒരു സ്മാരകമെന്നതും കണക്കിലെടുത്താണ് ഗ്യാലറിക്ക് തുടക്കം കുറിച്ചത്.

ഗ്യാലറിയിലെ ചിത്രങ്ങളെക്കുറിച്ചും സമകാലിക കലയെക്കുറിച്ചും പഠനങ്ങൾ നടത്തുന്നതിനും വിവരണങ്ങൾ ലഭ്യമാക്കുന്നതിനുമാണ് ലൈബ്രറിയോടു കൂടിയ ആമുഖ ഗ്യാലറി ഒരുക്കിയതെന്ന് മന്ത്രി പറഞ്ഞു.

ഗ്യാലറിയുടെ അണിയറയിൽ പ്രവർത്തിച്ചവരെയും മന്ത്രി അനുമോദിച്ചു. വാർഡ് കൗൺസിലർ പാളയം രാജൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സാംസ്കാരിക ആരോഗ്യ വകുപ്പ് അഡീണൽ ചീഫ് സെക്രട്ടറി ഡോ.രാജൻ എൻ ഖൊബ്രഗഡെ, രാജാ രവിവർമയുടെ കൊച്ചുമകൻ രാമവർമ, കേരള ചരിത്ര പൈതൃക മ്യൂസിയം ഡയറക്ടർ ആർ. ചന്ദ്രൻ പിള്ള,പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ. ദിനേശൻ, പുരാരേഖ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് പാർവതി. എസ്, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ ഇൻ ചാർജ് മഞ്ജുളാദേവി തുടങ്ങിയവർ പങ്കെടുത്തു.

# റോക്ക് പേപ്പർ സിസർ ചാംപ്യൻഷിപ്പ് ഫോറം മാളിൽ

**കൊച്ചി:** ലോകമെങ്ങും കുട്ടികളും മുതിർന്നവരും ഒരു പോലെ ആസ്വദിക്കുന്ന റോക്ക് പേപ്പർ സിസർ മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് കൊച്ചി ഫോറം മാൾ വേദിയൊരുക്കുന്നു. ഇതാദ്യമായി നടക്കുന്ന 'റോക്ക് പേപ്പർ സിസർ' അഖിലേന്ത്യാ ചാമ്പ്യൻഷിപ്പ് നവംബർ 10ന് ഉച്ചയ്ക്ക് 2 മണി മുതൽ ഫോറം മാളിൽ അരങ്ങേറും. ബുദ്ധിശക്തിയും ചടുലമായ കൈവേഗവും മാറ്റുരക്കുന്ന റോക്ക് പേപ്പർ സിസർ മത്സരത്തിന് അവതാരകരായി എത്തുന്നത് ആർ ജെ മാത്തുക്കുട്ടിയും രാജ് കലേഷുമാണ്. വിവിധ പ്രായപരിധികളിൽ പെട്ടവരെ അഞ്ച് കാറ്റഗറികളായി തിരിച്ചാണ് മത്സരം. വിജയിക്ക് ഒന്നര ലക്ഷം രൂപ ക്യാഷ് പ്രൈസ് ലഭിക്കും. 7593067639 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യാം. ഫോറം കൊച്ചി എന്ന ഇൻസ്റ്റഗ്രാം പേജിൽ മത്സരത്തിന്റെ വിശദ വിവരങ്ങൾ ലഭ്യമാണ്.



# ഗ്ലോബൽ ഹാൻഡ്‌വാഷിംഗ് ദിനം ആഘോഷിച്ചു

**ന്യൂഡൽഹി:** റെക്കിറ്റിന്റെ ഫ് ളാഗ്ഷിപ്പ് കാംപെയ്നായ ഡെറ്റോൾ ബനേഗ സ്വസ്ഥ് ഇന്ത്യ (ആടക) 2024 ഗ്ലോബൽ ഹാൻഡ് വാഷിംഗ് ദിനം ആഘോഷിച്ചു. ആരോഗ്യകരമായ ഭാവിക്കായി കൈകഴുകലിൻറെ പ്രാധാന്യം സംബന്ധിച്ച് ഇന്ത്യയിലെ 30 ദശലക്ഷം കുട്ടികൾക്ക് ബോധവൽക്കരണം നടത്തി. 'എല്ലാവർക്കും ശുചിത്വമുള്ള കൈകൾ: ശുചിത്വത്തിലൂടെ ആരോഗ്യ സമത്വം ഊർജ്ജിതമാക്കുന്നു' എന്ന പ്രമേയത്തിലായിരുന്നു പ്രോഗ്രാം സംഘടിപ്പിച്ചത്.

# എസ്എംപിപി ലിമിറ്റഡ് 4000 കോടിയുടെ ഐപിഒയ്ക്ക്

**കൊച്ചി:** യുദ്ധോപകരണങ്ങളുടെ ഘടകങ്ങൾ, വ്യക്തിഗത സംരക്ഷണ ഉൽപ്പന്നങ്ങൾ, കര, വായു, കടൽ എന്നീ മേഖലകൾക്കുള്ള സംരക്ഷണ കിറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള പ്രതിരോധ ഉപകരണങ്ങളുടെ രൂപകൽപ്പനയും നിർമ്മാണവും നടത്തുന്ന എസ്എംപിപി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. 2 രൂപ വീതം മുഖവിലയുള്ള ഇക്വിറ്റി ഓഹരികളിലൂടെ 4000 കോടി വരെ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 580 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 3420 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ടൈ ഗ്ലോബൽ സമ്മിറ്റ് 2024 ആന്ദ്രെ അഗാസി മുഖ്യ പ്രഭാഷകൻ

**ബെംഗളൂരു:** ടൈ ഗ്ലോബൽ സമ്മിറ്റ് 2024 (ടിജിഎസ് 2024) ൽ ടെന്നീസ് ഇതിഹാസം ആന്ദ്രെ അഗാസി മുഖ്യ പ്രഭാഷകനായി പങ്കെടുക്കും. ആഗോള സംരംഭകരെ ഒരുമിച്ച് കൊണ്ടുവരുന്ന ഉച്ചകോടി ഡിസംബർ 9 മുതൽ 12 വരെ ബെംഗളൂരുവിലും മൈസൂരിലും വെച്ചാണ് നടക്കുന്നത്.മാസ്റ്റർ ക്ലാസുകൾ, വിദഗ്ധരുടെ പ്രഭാഷണങ്ങൾ, മെന്ററിംഗ് ക്ലിനിക്കുകൾ, നിക്ഷേപകരുടെ പിച്ചിംഗ് സെഷനുകൾ, നെറ്റ്‌വർക്കിംഗ് അവസരങ്ങൾ എന്നിവ സമ്മിറ്റിന്റെ ഭാഗമായി സംഘടിപ്പിക്കും. നേരത്തെ രജിസ്റ്റർ ചെയ്യുന്നവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്റ്റർ ചെയ്യുന്നതിനും www.tgs2024.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സബ്സെ സസ്ത പെട്രോൾ ക്യാംപയിൻ അവതരിപ്പിച്ച് പാർക്ക് പ്ലസ് ആപ്പ്

**കൊച്ചി:** കേരളത്തിലെ ഉപഭോക്താക്കാൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ ഇന്ധനം ലഭ്യമാക്കുന്നതിനായി സബ്സെ സസ്ത പെട്രോൾ ക്യാംപയിൻ അവതരിപ്പിച്ച് പാർക്ക് പ്ലസ് ആപ്പ്. ഐഒസിഎൽ ഹെറിറ്റേജ് ഫ്യുവൽ സ്റ്റേഷനായ വി.കെ ജനാർധനൻ നായർ ആന്റ് സൺസിലാണ് പദ്ധതിയുടെ ലോഞ്ചിംഗ് നടന്നത്.കൊച്ചിയിലെ 10 ലക്ഷത്തിന് മുകളിൽ വരുന്ന കാർ ഉടമകൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രതിസന്ധി ഉയർന്നുകൊണ്ടിരിക്കുന്ന ഇന്ധന വിലയാണ്.

ഈ സാഹചര്യം മനസ്സിലാക്കിക്കൊണ്ടാണ് പാർക്ക് പ്ലസ് ആപ്പ് ഐഒസിഎലുമായി ചേർന്ന് കുറഞ്ഞ നിരക്കിൽ ഇന്ധനം വാങ്ങിക്കുവാൻ സാധിക്കുന്ന വൗച്ചറുകൾ പാർക്ക് പ്ലസ് ആപ്ലിക്കേഷനിൽ തയ്യാറാക്കിയിരിക്കുന്നതെന്ന് പാർക്ക് പ്ലസിന്റെ സ്ഥാപകനും സിഇഒയുമായ അമിത് ലഖോഡിയ പറഞ്ഞു.സമാനതകളില്ലാത്ത കുറഞ്ഞ നിരക്കിൽ ഇന്ധനം ലഭിക്കുന്നതിനൊപ്പം മറ്റ് നിരവധി നേട്ടങ്ങളും പാർക്ക് പ്ലസ് ആപ്പിലൂടെ കാർ ഉടമകൾക്ക് ലഭിക്കും.

പാർക്ക് പ്ലസ് ആപ്പ് ഡൗൺലോഡ് ചെയ്ത് ഫോൺ നമ്പർ ഉപയോഗിച്ച് സൈൻ അപ്പ് ചെയ്ത ശേഷം ഹോം പേജിലെ ബൈ പെട്രോൾ ഐക്കൺ ക്ലിക്ക് ചെയ്ത് വൗച്ചർ തുക തെരഞ്ഞെടുക്കാം. പേ നൗ ക്ലിക്ക് ചെയ്ത് നിങ്ങളുടെ ഫ്യുവൽ വൗച്ചർ സ്വന്തമാക്കാം. ശേഷം ഐഒസിഎൽ പെട്രോൾ പമ്പ് സന്ദർശിക്കുക. പമ്പ് ഓപ്പറേറ്ററെ പാർക്ക് പ്ലസ് ആപ്പിൽ കാണിക്കുന്ന വൗച്ചറിലെ ക്യുആർ കോഡ് സ്കാൻ ചെയ്ത് ഇന്ധനം വാങ്ങാം. ഇന്ത്യയിലുടനീളമുള്ള ഏത് ഐഒസിഎൽ പമ്പിലും ഈ വൗച്ചർ റെഡീം ചെയ്യാം. ഇതിലൂടെ 2% ക്യാഷ് ബാക്ക്, 2% പാർക്ക് പ്ലസ് പെട്രോൾ, സർച്ചാർജ് കിഴിവ്, 2 മടങ്ങ് സമ്മാനങ്ങൾ, വെള്ളിയാഴ്ചകളിൽ 4%ത്തിന്റെ പ്രത്യേക ക്യാഷ് ബാക്ക് എന്നിവയും കൊച്ചിയിലെ കാർ ഉടമകൾക്ക് ലഭിക്കും. കേരളത്തിലെ കാർ ഉടമകൾക്കായി പ്രഖ്യാപിച്ചിരിക്കുന്ന പുതിയ ഓഫർ പ്രകാരം എക്സ്പി ഫ്യുവലിന് 4% ക്യാഷ് ബാക്ക്, എക്സ്ട്രാ ഗ്രീനിന് 3% ക്യാഷ് ബാക്ക് എന്നീ ഓഫറുകളും ലഭിക്കുമെന്ന് അമിത് ലഖോഡിയ പറഞ്ഞു.



# ലുലുവിൽ ഇനി ഡാൻസ് സ്കൂളും; ലുലു ഫൺടൂറ ഡാൻസ് അക്കാദമി തുറന്നു

**കൊച്ചി :** പരമ്പരാഗത നൃത്തരൂപങ്ങൾ മുതൽ ആധുനിക ഫ്യൂഷൻ ഡാൻസ് പരിശീലനം വരെ ഉൾകൊള്ളുന്ന ക്ലാസുകളുമായി ലുലു ഡാൻസ് അക്കാദമി ഫൺടൂറ പാർട്ടി ഹാളിൽ തുറന്നു. കലാമണ്ഡലം സോഫിയ സുധീപ് നേതൃത്വം നൽകുന്ന ഏറ്റവും മികച്ച നൃത്ത പരിശീലനമാണ് വിദ്യാർത്ഥികൾക്ക് നൽകുക. ലുലുവിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായാണ് ഇത്തരമൊരു ഡാൻസ് സ്കൂൾ മാളിൽ തുറന്നത്.ലുലു മാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച് നടനും സംവിധായകനുമായ ശ്രീകാന്ത് മുരളി, എഴുത്തുകാരൻ അഭിലാഷ് പിള്ള, നടിയും നർത്തകിയുമായ കൃഷ്ണ പ്രഭ നായർ, എന്നിവർ ചേർന്ന് ഡാൻസ് അക്കാദമിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.ഗായകൻ കെ.എസ് സുധീപ് കുമാർ,ലുലു റീജിനൽ ഡയറക്ടർ സാദിക് കാസിം, ലുലു ഇന്ത്യ മീഡിയ ഹെഡ് എൻ.ബി.സ്വരാജ് ,കൊച്ചി ലുലു മാൾ ജനറൽ മാനേജർ വിഷ്ണു നാഥ്, ഫൺടൂറ ജനറൽ മാനേജർ അംബികാപതി എന്നിവർ പ്രസംഗിച്ചു.സമർപ്പൺ സ്കൂൾ ഓഫ് ഡാൻസിലെ അധ്യാപകരും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും. പ്രായഭേദമന്യേ ഏവർക്കും ഡാൻസ് ക്ലാസിൽ രജിസ്ടർ ചെയ്യാം.കുട്ടികളുടെ ഡാൻസ് ക്ലാസുകൾ നഷ്ടപ്പെടാതെ ലുലുവിലെത്തി വീട്ടിലേക്കുള്ള മുഴുവൻ സാധനങ്ങളും ഷോപ്പ് ചെയ്ത് ഏവർക്കും മടങ്ങാനാകും. കുട്ടികളുടെ ഡാൻസ് ക്ലാസും മാതാപിതാക്കളുടെ ഷോപ്പിങ്ങും ഒരേ സമയം നടത്താം. കൂടാതെ ഡാൻസ് ക്ലാസിനൊപ്പം ഫൺടൂറയിലെ ഗെയിമിങ് സെൻററും ആസ്വദിക്കാം.

നൃത്തരംഗത്തെ മുൻനിര താരങ്ങളുടെ പ്രത്യേക പരിശീല ക്ലാസുകളും ലുലു ഫൺടൂറ ഡാൻസ് അക്കാദമിയിലുണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: +91 7306336066, +91 9778695499

# ദീപാവലി പ്രത്യേക ഓഫറുകളുമായി ജോയ്ആലുക്കാസ്

**കൊച്ചി:** ദീപാവലി ആഘോഷങ്ങൾക്ക് മാറ്റു കൂട്ടാൻ ഇന്ത്യയിലെ പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസ് പ്രത്യേക ഓഫറുകൾ അവതരിപ്പിച്ചു.

ഓഫർ പ്രകാരം 1 ലക്ഷം രൂപയ്ക്കോ അതിനു മുകളിലോ വരുന്ന ഡയമണ്ട്, അൺകട്ട് ഡയമണ്ട് ആഭരണ പർച്ചേസുകൾക്ക് 1 ഗ്രാം സ്വർണ്ണ നാണയം സൗജന്യമായി ലഭിക്കും. 50,000 രൂപയ്ക്കോ അതിനു മുകളിലോ വരുന്ന സ്വർണ്ണാഭരണ പർച്ചേസുകൾക്ക് 1000 രൂപയുടെ വൗച്ചറും, 10,000 രൂപയ്ക്കും അതിനു മുകളിലുമുള്ള വെള്ളി ആഭരണ പർച്ചേസുകൾക്ക് 500 രൂപയുടെ വൗച്ചറും സമ്മാനമായി ലഭിക്കും. ഓരോ ആഭരണ പർച്ചേസുകൾക്കും വ്യത്യസ്ത ഓഫറുകളാണ് ജോയ്ആലുക്കാസ് നൽകുന്നത്. നവംബർ 3 വരെയാണ് ഓഫറിന്റെ കാലാവധി.ജോയ്ആലുക്കാസിന്റെ ഗോൾഡ് റേറ്റ് പ്രൊട്ടക്ഷൻ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് 10% അഡ്വാൻസ് പേയ്മെന്റ് ചെയ്ത് ബുക്ക് ചെയ്യുന്ന ദിവസത്തെ സ്വർണവിലയിൽ ആഭരണങ്ങൾ സ്വന്തമാക്കാൻ സാധിക്കും. കൂടാതെ പഴയ ആഭരണങ്ങൾ ഗുണനിലവാരവും വിശ്വാസ്യതയും ഉറപ്പുവരുത്തി HUID 916 ഹാൾമാർക്ക് ചെയ്ത ആഭരണങ്ങളിലേക്ക് മാറ്റാനും അവസരം ലഭിക്കും. ദീപാവലി ആഘോഷങ്ങൾക്ക് കൂടുതൽ സന്തോഷം പകരാനാണ് 'ജോയ് വാലി ദിവാലി' പ്രത്യേക ഓഫറുകൾ അവതരിപ്പിച്ചിരിക്കുന്നതെന്ന് ജോയ്ആലുക്കാസ് എംഡിയും ചെയർമാനുമായ ജോയ് ആലുക്കാസ് പറഞ്ഞു. മനോഹരവും വ്യത്യസ്തവുമായ ആഭരണശേഖരങ്ങളും, മികച്ച ഉത്സവകാല ഓഫറുകളും സ്വന്തമാക്കാൻ എല്ലാവരെയും ജോയാലുക്കാസിന്റെ ഷോറൂമുകളിലേക്ക് സ്വാഗതം ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

# ഭക്ഷ്യ ആധികാരികതയിൽ മികവിന്റെ കേന്ദ്രമായി ഐ സി എ ആർ സിഫ്ട്

**കൊച്ചി :** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിനെ ഇന്ത്യയിലെ ആദ്യത്തെ ഭക്ഷ്യ ആധികാരികതയിലെ മികവിന്റെ കേന്ദ്രമായി പ്രഖ്യാപിച്ചു. കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്ട് വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി സഹകരിച്ച് ഐസിഎആർ നാഷണൽ അഗ്രികൾച്ച സയൻസ് ഫൂണ്ടിന്റെ (എൻഎഎസ്എഫ്)ഫ്യുസ്ലോമിക്സ് പദ്ധതിക്ക് കീഴിൽ "ഒമിക്സ് ടെക്നിക്കുകൾ ഉപയോഗിച്ച് ഭക്ഷ്യ ആധികാരികതയും നിരീക്ഷണങ്ങളും' എന്ന വിഷയത്തിൽ നടന്ന ഏകദിന ദേശീയ ശിൽപശാലയിലാണ് ഈ പ്രഖ്യാപനം.

ഇതു സംബന്ധിച്ച ധാരണാപത്രം ഐസിഎആർസിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാനും വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പ്രസിഡന്റ് ടി.അനിൽ കുമാറും കൈമാറി. ഹൈദരാബാദിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ (എൻഎഫ്ഡിബി) സീനിയർ എക്സിക്യൂട്ടീവ് ഡയറക്ടർ , ഡോ.എൽ.എൻ.മൂർത്തി മത്സ്യത്തിന്റെയും മത്സ്യ ഉൽപന്നങ്ങളുടെയും അന്തർദേശീയ നിലവാരത്തിന്റെ ആവശ്യകതയെ സംബന്ധിച്ച് മുഖ്യപ്രഭാഷണം നടത്തി.

വാട്ടേഴ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ഫുഡ് ആൻഡ് എൻവയോൺമെന്റ് മാർക്കറ്റിന്റെ അസോസിയേറ്റ് ഡയറക്ടർ ശ്രീനിവാസ് ബി ജോഷിയും സിഫ്റ്റിലെ സീനിയർ സയന്റിസ്റ്റ് ഡോ. നിലാദ്രി ശേഖർ ചാറ്റർജിയും ശിൽപശാലയിൽ ക്ലാസെടുത്തു. സിഫ്റ്റിലെ ക്വാളിറ്റി അഷ്വറൻസ് ആൻഡ് മാനേജ്മെന്റ് (ക്യു എം) വിഭാഗം മേധാവി ഡോ. സൈനുദ്ദീൻ എ.എ., സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഫെമീന ഹസ്സൻ എന്നിവർ സംസാരിച്ചു.

# ഹോം ടിവിയെ കമ്പ്യൂട്ടറാക്കാൻ ജിയോ ക്ലൗഡ് പിസി

**കൊച്ചി/മുംബൈ:** ഹോം സ്മാർട്ട് ടിവികളെ കമ്പ്യൂട്ടറുകളാക്കി മാറ്റുന്ന സാങ്കേതികവിദ്യ ഇന്ത്യ മൊബൈൽ കോൺഗ്രസ് 2024ൽ അവതരിപ്പിച്ച് റിലയൻസ് ജിയോ. 'ജിയോ ക്ലൗഡ് പിസി' എന്ന ഈ സാങ്കേതികവിദ്യ കുറഞ്ഞ മുതൽമുടക്കിൽ ടിവികളെ കമ്പ്യൂട്ടറുകളാക്കി മാറ്റും. ഇന്റർനെറ്റ് കണക്ഷൻ, സ്മാർട്ട് ടിവി, കീബോർഡ്, മൗസ്, ജിയോ ക്ലൗഡ് പിസി ആപ്പ് എന്നിവ മാത്രമാണ് ഇതിന് വേണ്ടതെന്ന് ജിയോ അധികൃതർ വ്യക്തമാക്കി.സ്മാർട്ട് ടിവി ഇല്ലാത്തവർക്ക് അവരുടെ സാധാരണ ടിവിയെ ജിയോ ഫൈബർ അല്ലെങ്കിൽ ജിയോ എയർഫൈബറിനൊപ്പം വരുന്ന സെറ്റ്ടോപ്പ് ബോക്സുകളിലൂടെ കമ്പ്യൂട്ടറാക്കാം. ഇന്റർനെറ്റ് വഴി ക്ലൗഡ് കമ്പ്യൂട്ടിംഗിലേക്ക് കണക്റ്റുചെയ്യാൻ ഏത് ടിവിയെയും പ്രാപ്തമാക്കുന്ന സാങ്കേതികവിദ്യയാണ് ജിയോ ക്ലൗഡ് പിസി.

ഉപഭോക്താക്കൾ അപ്ലിക്കേഷനിലേക്ക് ലോഗിൻ ചെയ്യുന്നതിലൂടെ ക്ലൗഡിൽ സംഭരിച്ചിരിക്കുന്ന എല്ലാ ഡാറ്റയും ടിവി സ്ക്രീനിൽ ദൃശ്യമാകും. ഇമെയിൽ, സോഷ്യൽ നെറ്റ്വർക്കിംഗ്, ഇന്റർനെറ്റ് സർഫിംഗ്, സ്കൂൾ പ്രൊജക്റ്റുകൾ, ഓഫീസ് അവതരണങ്ങൾ എന്നിങ്ങനെ ഒരു കമ്പ്യൂട്ടറിൽ സാധാരണ ചെയ്യാവുന്ന ജോലികൾ ഹോം ടിവികളിൽ സാധ്യമാകും. എല്ലാ ഡാറ്റയും ക്ലൗഡിൽ ആയിരിക്കും സംഭരിക്കുക. ടിവിയിലൂടെ സെർവർ, സ്റ്റോറേജ്, ഡാറ്റാബേസ്, നെറ്റ്വർക്കിംഗ്, സോഫ്റ്റ്വെയർ, അനലിറ്റിക്സ് തുടങ്ങിയ സേവനങ്ങൾ ഉപയോഗപ്പെടുത്താം.ഇന്ത്യൻ മധ്യവർഗ കുടുംബങ്ങൾക്ക് കമ്പ്യൂട്ടർ എന്നത് പലപ്പോഴും താങ്ങാനാകാത്ത ചെലവാണ്. ഈ സാഹചര്യത്തിൽ, ഈ സാങ്കേതികവിദ്യ അവർക്ക് സഹായകരമാകും. ക്ലൗഡ് കമ്പ്യൂട്ടിംഗിന്റെ ശേഷി ആവശ്യാനുസരണം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. ടിവിക്ക് പുറമെ മൊബൈൽ ഫോണുകളിലും ഉപയോഗിക്കാം. ആപ്പിന്റെ ഔദ്യോഗിക ലോഞ്ച് കമ്പനി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ വിപണിയിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# ബദാമിന്റെ ഗുണങ്ങൾ: ചർച്ച സംഘടിപ്പിച്ച് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ



**കൊച്ചി:** കാലിഫോർണിയ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ കൊച്ചിയിലെ ഗേറ്റ് വേ ഹോട്ടലിൽ 'ആയുർവേദത്തിന്റെ പാരമ്പര്യം: തിളക്കമുള്ള ചർമ്മത്തിനും ആരോഗ്യകരമായ മുടിക്കും ബദാം' എന്ന വിഷയത്തിൽ ചർച്ച സംഘടിപ്പിച്ചു. പ്രകൃതിദത്തവും പോഷകസമൃദ്ധവുമായ ഭക്ഷണം എങ്ങനെയാണ് ആരോഗ്യകരമായ ചർമ്മവും മുടിയും സമ്മാനിക്കുന്നതെന്ന് വ്യക്തമാക്കിയ ചർച്ച ആയുർവേദത്തിന്റെ പ്രാധാന്യവും ചൂണ്ടിക്കാട്ടി.

ആയുർവേദ വിദഗ്ധ ഡോ.മധുമിത കൃഷ്ണൻ, നടി രജിഷ വിജയൻ, ന്യൂട്രീഷൻ ആൻഡ് വെൽനസ് കൺസൾട്ടന്റ് ഷീല കൃഷ്ണസ്വാമി എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു. ആയുർവേദം പറയുന്നതനുസരിച്ച് ബദാം പോലുള്ള പ്രകൃതിദത്ത വിഭവങ്ങൾ ശരീരത്തിന് പോഷണം നൽകുകയും രോഗപ്രതിരോധത്തിന് സഹായിക്കുകയും ചെയ്യും. ഇത്തരം വിഭവങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നത് ത്രിഫല ദോഷങ്ങൾ ഇല്ലാതാക്കുകയും ശരീരത്തിന് സന്തുലിതാവസ്ഥ നൽകുകയും ചെയ്യുമെന്ന് മധുമിത കൃഷ്ണൻ പറഞ്ഞു. പഞ്ചസാര, ഉപ്പ്, കാർബോഹൈഡ്രേറ്റ് എന്നിവ കൂടുതലുള്ള സംസ്കരിച്ചതും പാക്ക് ചെയ്തതുമായ ഭക്ഷണം ഒഴിവാക്കി, പകരം പ്രകൃതിദത്തവും പോഷകസമൃദ്ധവുമായ വിഭവങ്ങൾ ശീലമാക്കണമെന്ന് ഷീല കൃഷ്ണസ്വാമി പറഞ്ഞു.അനാരോഗ്യകരമായ വിഭവങ്ങൾ ഒഴിവാക്കാൻ സഹായിക്കുന്നതിനാൽ ബദാം ലഘുഭക്ഷണമായി ഉപയോഗിക്കുന്നതായും അത് ചർമ്മത്തെ സംരക്ഷിക്കുകയും ശരീരത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നതായും രജിഷ പറഞ്ഞു. ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, www.almonds.in സന്ദർശിക്കുക.

